# KSSiA NEWS

വ്യവസായ മാസിക

www.kssia.com

kssianews@gmail.com e-magazine

JOURNAL OF THE KERALA STATE SMALL INDUSTRIES ASSOCIATION. NOVEMBER 2023. ₹ 5.00

VOL. 12 - ISSUE NO. 12 - DATE OF PUBLICATION 25TH NOVEMBER, 2023 - REGN. NO. KERBIL/2005/23143 - TOTAL PAGES: 24


# കേരളത്തിലെ ആദ്യത്തെ സ്വകാര്യ വ്യവസായ പാർക്ക്



കെ.എസ്.എസ്.ഐ.എ. യുടെ നേതൃത്വത്തിൽ ആരംഭിക്കുന്ന ഫെതർ ലൈക്ക് ഫോം പ്രൈവറ്റ് ലിമിറ്റഡിന്റെ ഉദ്ഘാടനം ബഹു. വ്യവസായ നിയമ കയർ വകുപ്പ് മന്ത്രി പി. രാജീവ് നിർവ്വഹിച്ചു.





3 വികസന വഴികൾ.

5 കെ-സ്വിഫ്റ്റ് അംഗീകാരമുള്ള വ്യവസായ സംരംഭങ്ങൾക്ക് താത്ക്കാലിക കെട്ടിട നമ്പർ അനുവദിക്കും.

7 നവ കേരളം: വ്യവസായ വികസന കേരളം. അതായിരിക്കട്ടെ നമ്മുടെ മുദ്രവാക്യം.

10 5% പലിശയ്ക്ക് രണ്ടു കോടി രൂപ വരെ മുഖ്യമന്ത്രിയുടെ സംരംഭ വായ്പ.

12 ലോക വിപണി കീഴടക്കി അർജുന നാച്ചുറൽ പ്രൈവറ്റ് ലിമിറ്റഡ്.

14 ലോകം ഉറ്റുനോക്കിയ കേരളീയം 2023.





**THE KERALA STATE SMALL INDUSTRIES ASSOCIATION**
Building No. X/26A, HMT Industrial Estate,
Kalamassery - 683 503. Ph : 94963 60300
kssiastate@gmail.com, www.kssia.com



**STATE OFFICE BEARERS FOR THE YEAR 2022-2024**

**STATE PRESIDENT**
A. Nizarudeen
Naz Wood Industries, T.K.M.C.P.O.,
Karicode, Kollam - 05. Mob: 94477 10078
Email: nazwoodind@gmail.com

**GENERAL SECRETARY**
P.J. Jose
Pallipadan Enterprises, Marottichuvadu, Edapally,
Cochin - 682 024. Mobile: 98460 53553
Email: info@manoramasalescorporation.com

**STATE VICE PRESIDENTS**

**SOUTH ZONE**
A. Fasiludeen
Travancore New Tech Interlock Bricks,
Pulimath, Karette, Trivandrum - 695 612.
Mob: 94007 04000, Email: fthoppil@yahoo.com

**CENTRAL ZONE**
Abraham Kuriakose
Perfect Crumbs,
Amayannoor P.O., Kottayam - 686 019.
Mob: 94470 43445, Email: perfectcorp@yahoo.com

**NORTH ZONE**
A.V. Sunilnath
Ferrero Vinyil Technologies (Pvt) Ltd, 7/342,
Kolathra P.O., Kozhikode - 673 655.
Mob: 93497 44145,
Email: sunilnath@walkaroogroup.com

**STATE TREASURER**
Joseph Paikada
Indo-Malabar Foods (P) Ltd, N.H. Road, Kanhirangad,
Taliparamba, Kannur - 670 142.
Mob: 94972 24422, Email: josephpaikada@gmail.com

**STATE JOINT SECRETARIES**
V.K. Harilal (South Zone)
Venice Coir Company, I D Plot, Vadackal P.O.,
Alappuzha - 688 003. Mob: 98472 30058

B. Jayakrishnan (Central Zone)
Toyo Rubbers, Kumaramangalam P.O., Thodupuzha.
Mob: 94473 30569

George Mundakkal (North Zone)
Paulson Fertilizers, Kalluvayal, Sulthan Bathery P.O.,
Wayanad. Mob: 94472 95110

**EDITORIAL BOARD**
**Chief Editor**
S. Salim
Mobile: 93873 05751
Email: md@unicornplywoods.com

**MEMBERS**

| | |
|---|---|
| A. Nizarudeen | Mob: 94477 10078 |
| P. J. Jose | Mob: 98460 53553 |
| Rajesh. G | Mob: 98957 03837 |
| Thomas Mathew | Mob: 94470 46411 |

**PRINTER & PUBLISHER**
K.P. Ramachandran Nair
Mobile: 94470 17899



**PRINTING, COVER DESIGN & LAYOUT**
Rajsree Industrial Printer, Edayar.



**KSSiA NEWS**
www.kssia.com
വ്യവസായ മാസിക
kssianews@gmail.com e-magazine
Journal of THE KERALA STATE SMALL INDUSTRIES ASSOCIATION NOVEMBER 2023 ₹ 5.00


## എഡിറ്റോറിയൽ

# വികസന വഴികൾ



കേരളസർക്കാർ വ്യവസായ ഉണർവിന്റെ വക്താക്കളായി മാറിയിരിക്കുകയാണ്. ഈ അവസരം നന്നായി വിനിയോഗിക്കേണ്ടത് നമ്മൾ വ്യവസായികൾ തന്നെയാണ്.

കേരളത്തിലെ എം.എസ്.എം.ഇ. മേഖലയിലെ സകല ഉത്പാദക യൂണിറ്റുകളുടേയും കൂട്ടായ്മയാണ് നമ്മുടെ സംഘടന. ഉത്സാഹത്തോടെയുള്ള പ്രവർത്തനവും അതിൻെറ ഗുണഫലവും തന്നെയാണ്, നമ്മുടെ സംഘടനയെ സർക്കാരിന്റെ താൽപര്യത്തിൽ കൊണ്ടെത്തിച്ചത്. വ്യവസായ വികസനത്തിന് പ്രാധാന്യം നൽകുന്ന സർക്കാർ, നമ്മുടെ സംഘടനയുടെ അഭിപ്രായങ്ങൾ കേൾക്കുകയും, വ്യവസായവുമായി ബന്ധപ്പെട്ട അധികാര സമിതികളിൽ നമുക്ക് വേണ്ടത്ര പ്രാതിനിധ്യം നൽകുകയും ചെയ്തിരിക്കുന്നത്. 33 സർക്കാർ കമ്മിറ്റികളിൽ നമ്മെ ഉൾപ്പെടുത്തിയിട്ടുണ്ട്. അത് നമുക്കുള്ള പ്രോത്സാഹനവും അംഗീകാരവും തന്നെയാണ്. ഇത് മനസ്സിലാക്കിയ മറ്റു വ്യവസായ സുഹൃത്തുക്കൾ ഇപ്പോൾ നമ്മുടെ സംഘടനയിൽ അംഗങ്ങളായിട്ടുണ്ട്. വ്യവസായവുമായി ബന്ധപ്പെട്ട 11 സെക്ടർ സംഘടനകൾ നമ്മുടെ സംഘടനയിൽ അഫിലിയേറ്റ് ചെയ്തു കഴിഞ്ഞു.

നമ്മുടെ സംഘടന സൂക്ഷ്മ ചെറുകിട വ്യവസായികളുടേത് മാത്രമായിരുന്നു. എന്നാൽ, ഇപ്പോൾ, നമ്മുടെ പ്രവർത്തന ഗുണങ്ങൾ മനസ്സിലാക്കിയ ഇടത്തരം വ്യവസായികളുടെ അഭ്യർത്ഥന മാനിച്ച്, ഭരണഘടന ഭേദഗതി വരുത്തി, അവരെയും അംഗങ്ങൾ ആക്കിയിട്ടുണ്ട്. പക്ഷേ, ഇന്നത്തെ പല വ്യവസായികളും, അവകാശങ്ങളെയും ആനുകൂല്യങ്ങളെയും പറ്റി പൂർണമായും അറിയുന്നില്ല. അതാത് കാലങ്ങളിൽ ഉണ്ടാകുന്ന ഉത്തരവ് പോലും പലപ്പോഴും ഇവരുടെ ശ്രദ്ധയിൽപെടുന്നില്ല.

എം എസ് എം ഇ സെക്ടറിലെ ആനുകൂല്യങ്ങൾ ലഭിക്കണമെങ്കിൽ ആ യൂണിറ്റ് ഉദ്യം രജിസ്ട്രേഷൻ നടത്തണമെന്നത് നിർബന്ധമാണ്. കേരളത്തിൽ 4.77 ലക്ഷം ഉദ്യം രജിസ്ട്രേഷൻ മാത്രമേ ഉള്ളൂ എന്നാണ് കണക്കുകൾ പറയുന്നത്. ഇതാകട്ടെ ഇന്ത്യയിലെ പതിനാലാം സ്ഥാനവുമാണ്. വിചിത്രം എന്ന് പറയട്ടെ, കേരളത്തിലെ ഒരു വ്യവസായ എസ്റ്റേറ്റിൽ മൂന്നിലൊന്ന് വ്യവസായങ്ങൾ ഉദ്യം രജിസ്ട്രേഷൻ ഇല്ലാത്തവരാണ്. അതുകൊണ്ട് മാത്രം ആനുകൂല്യങ്ങൾ നഷ്ടപ്പെടാൻ ഇടയായി എന്നതാണ് പരിതാപകരം. സത്യത്തിൽ ഇതിനു കാരണം ഇതേക്കുറിച്ചുള്ള അറിവ് (awareness) അവർക്ക് ഇല്ലായിരുന്നു എന്നതു തന്നെയാണ്. ഇത്തരം അറിവുകൾ വ്യവസായികളിൽ എത്തിക്കുവാൻ നമ്മുടെ സംഘടനാ പ്രസിദ്ധീകരണം ഏറെ പ്രയോജനപ്പെടുന്നു എന്നത് പറയാതെ വയ്യ.

ഈ സന്ദർഭത്തിൽ എടുത്തു പറയേണ്ട മറ്റുചില കാര്യങ്ങളുണ്ട്, ഇപ്പോൾ അംഗത്വത്തിനുവേണ്ടി പല യൂണിറ്റുകളുടെയും അഭ്യർത്ഥന വരുന്നുണ്ട്. കൊച്ചുവേളിയിലെ എസ്.സി./എസ്.ടി. വ്യവസായ യൂണിറ്റുകളുടെ ശോചനീയാവസ്ഥ അവരുടെ വ്യവസായ സംഘടനകൾ നമ്മെ ബോധ്യപ്പെടുത്തിയിട്ടുണ്ട്. സർക്കാരുമായി ബന്ധപ്പെടണമെന്നാണ് അവരുടെ അഭ്യർത്ഥന. ഇത്തരം യൂണിറ്റുകൾ ഉൾപ്പെടെയുള്ളവർക്ക്, വ്യവസായവുമായി ബന്ധപ്പെട്ട എല്ലാ വിവരങ്ങളും, അറിയുവാനും അറിയിക്കുവാനുള്ള ഏക എളുപ്പമാർഗം നമ്മുടെ വ്യവസായ മാഗസിൻ തന്നെയാണ്. ഇത് ശ്രദ്ധയിൽപെടാത്ത യൂണിറ്റുകളെ നേരിട്ട് ബന്ധപ്പെപെട്ട്, സഹായ വഴികൾ അറിയിക്കുകയും, അവരെ അംഗങ്ങൾ ആക്കുകയും ചെയ്യാൻ ജില്ലാ കമ്മിറ്റി അംഗങ്ങൾ മുന്നിട്ടിറങ്ങണമെന്ന് അഭ്യർത്ഥിക്കുന്നു. ഇത്തരം പ്രവർത്തനങ്ങളിലൂടെ മാത്രമേ വ്യവസായരംഗം ശക്തമാക്കാൻ കഴിയൂ. വ്യവസായ വളർച്ച തന്നെയാണ് സാമ്പത്തിക പുരോഗതിയുടെ മുഖ്യഘടകം എന്ന് പറയേണ്ടതില്ലല്ലോ. സംഘടനയുടെ ചലനശക്തി കമ്മിറ്റി അംഗങ്ങളാണെന്ന് ഓർമ്മപ്പെടുത്തലോടെ.

**എസ്. സലിം**
**ചീഫ് എഡിറ്റർ**






## പ്രസിഡൻഷ്യൽ റിപ്പോർട്ട്



# കെ-സ്വീഫ്റ്റ് അംഗീകാരമുള്ള വ്യവസായ സംരംഭങ്ങൾക്ക് താത്ക്കാലിക കെട്ടിട നമ്പർ അനുവദിക്കും

50 കോടി രൂപ വരെ നിക്ഷേപത്തിൽ ആരംഭിക്കുന്ന എം.എസ്.എം.ഇ. കൾക്ക് തുടക്കത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും കെട്ടിട നമ്പർ ആവശ്യമില്ല എന്ന വിജ്ഞാപനത്തെ കെ.എസ്.എസ്.ഐ.എ. ഹാർദ്ദവമായി സ്വാഗതം ചെയ്യുന്നു.

2020 ലെ സൂക്ഷ്മ ചെറുകിട, ഇടത്തരം വ്യവസായ സ്ഥാപനങ്ങളും, ഇതര വ്യവസായ സ്ഥാപനങ്ങളും സുഗമമാക്കൽ എന്ന ചട്ടങ്ങളിൽ ഭേദഗതി വരുത്തിയാണ് പുതിയ വിജ്ഞാപനം പുറത്തിറക്കിയിരിക്കുന്നത്. കെ.സ്ഫിറ്റ് അംഗീകാരമുള്ള വ്യവസായ സംരംഭങ്ങൾക്ക് 3 വർഷം വരെ മറ്റൊരു അനുമതിയുമില്ലാതെ പ്രവർത്തിക്കാമെന്ന വസ്തുത നിലനിൽക്കെ, വായ്പ ലഭിക്കുന്നത് ഉൾപ്പടെയുള്ള കാര്യങ്ങൾക്ക് കെട്ടിട നമ്പർ അത്യാവശ്യമായതിനാലാണ് കെ.സ്വീഫ്റ്റ് മുഖേന താല്ക്കാലിക കെട്ടിട നമ്പർ അനുവദിക്കുന്ന വിജ്ഞാപനം പുറത്തിറക്കിയത്. ചെറുകിട വ്യവസായ മേഖലയ്ക്ക് പുത്തൻ ഉണർവേകുന്ന ഒരു വസ്തുതയാണിത്. കൂടുതൽ സംരംഭങ്ങളെ ആകർഷിക്കാനും, പുത്തൻ സംരംഭങ്ങൾ തുടങ്ങാനും, ഇതിലൂടെ സംസ്ഥാനത്തിലെ തൊഴിലും, റവന്യൂ വരുമാനം വർദ്ധിപ്പിക്കാനും സാധിക്കും. വ്യവസായ മേഖലയിലെ മറ്റൊരു നാഴിക കല്ലാവും ഈ വിജ്ഞാപനം എന്ന കാര്യത്തിൽ സംശയമില്ല.

തടസ്സങ്ങളില്ലാതെ സംരംഭങ്ങൾ നടത്താൻ കെ-സ്ഫീറ്റ് നല്കുന്ന കൈപ്പറ്റ് സാക്ഷ്യപത്രത്തിൽ രേഖപ്പെടുത്തിയ നമ്പർ താല്ക്കാലികമായ കെട്ടിടനമ്പറായി പരിഗണിക്കണമെന്നാണ് ഇപ്പോൾ ചട്ടങ്ങളിൽ വരുത്തിയ ഭേദഗതി. കെ. സ്വീഫ്റ്റ് കൈപ്പറ്റ് സാക്ഷ്യപത്രമുള്ള സംരംഭങ്ങൾക്ക് 3 വർഷം വരെ മറ്റൊരു അനുമതിയും ഇല്ലാതെ പ്രവർത്തിക്കാമെന്ന് വ്യവസ്ഥയുണ്ട്. വായ്പകൾ ലഭിക്കാൻ കെട്ടിട നമ്പർ ആവശ്യമായതുകൊണ്ടാണ് ഈ ഭേദഗതി വരുത്തിയിരിക്കുന്നത്. കെ-സ്ഫീറ്റ് മുഖാന്തിരം ലൈസൻസ് എടുത്ത് സംരംഭങ്ങൾക്ക് കെട്ടിട നമ്പറിന്റെ അഭാവം മൂലം ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പ ലഭിക്കാൻ ബുദ്ധിമുട്ടുണ്ടെന്നും അതിനു പരിഹാരം കാണണമെന്ന് കെ.എസ്.എസ്.ഐ.എ. സർക്കാരിനോട് നേരത്തെ അഭ്യർത്ഥിച്ചിരുന്നു. സംസ്ഥാന സംഘടനയുടെ അഭ്യർത്ഥന കൂടി പരിഗണിച്ച് വ്യവസായം സുഗമമായ ചട്ടങ്ങളിൽ ഭേദഗതി വരുത്തികൊണ്ടുള്ള സർക്കാർ നടപടിയെ പ്രത്യേകിച്ച് വ്യവസായ വകുപ്പിനെയും വ്യവസായ നിയമ കയർ വകുപ്പ് മന്ത്രിയേയും കെ.എസ്.എസ്.ഐ.എ. അഭിനന്ദിക്കുന്നു.

2023 ഏപ്രീൽ 9 ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പുറത്തിറക്കിയ കെട്ടിട നിരക്ക് കുറച്ചു കൊണ്ടുള്ള ഉത്തരവിനെ കെ.എസ്.എസ്.ഐ.എ. ഹാർദ്ദവമായി സ്വാഗതം ചെയ്യുന്നു. എന്നാൽ കൂടുതൽ വ്യവസായങ്ങൾ കേരളത്തിന് വളരുന്നതിനു വേണ്ടി കൊല്ലം പരവൂർ നഗരസഭ, കല്ലുവാതിക്കൽ പഞ്ചായത്ത്, കുണ്ടറ പഞ്ചായത്ത്, നെടുമ്പന പഞ്ചായത്ത്, കോഴിക്കോട് ജില്ലയിലെ ഏറാമല പഞ്ചായത്ത്, കൊച്ചി കോർപ്പറേഷൻ തുടങ്ങിയ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പ്രസ്തുത വിജ്ഞാപനത്തിൽ കാണിച്ചിരിക്കുന്ന കെട്ടിട നികുതിയേക്കാൾ നികുതി കുറച്ചു കൊണ്ട് വിജ്ഞാപനം പുറപ്പെടുവിക്കുകയുണ്ടായി. കേരളത്തിൽ കൂടുതൽ വ്യവസായങ്ങൾ വളരുന്നതിനും നിലവിലുള്ള വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും വേണ്ടിയാണ് തദ്ദേശ സ്വയഭരണ സ്ഥാപനങ്ങളുടെ ഇത്തരം ഒരു ഉത്തരവ്. ഈ മാതൃക പിന്തുടർന്ന് കേരളത്തിലെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും കെട്ടിട നിരക്ക് കുറച്ചു കൊണ്ടുള്ള വിജ്ഞാപനം പുറപ്പെടുവിക്കേണ്ടതാണെന്ന് കെ.എസ്.എസ്.ഐ.എ. അഭിപ്രായപ്പെടുന്നു.

ചെറുകിട വ്യവസായം തുടങ്ങിയ നിലവിലെ എല്ലാ വ്യവസായികളും നിർബന്ധമായും ഉദ്യം റജിസ്ട്രേഷൻ എടുക്കേണ്ടതാണ്. വ്യവസായവുമായി ബന്ധപ്പെട്ട എല്ലാ ഇടപാടുകൾക്കും ഇപ്പോൾ ഉദ്യം റജിസ്ട്രേഷൻ നിർബന്ധമാക്കിയിട്ടുണ്ട്. ഉദ്യം റജിസ്ട്രേഷൻ ഇല്ലാത്തതിനാൽ വ്യവസായികൾക്ക് ആനുകൂല്യങ്ങൾ നഷ്ടപ്പെടുന്ന അവസ്ഥ ഉണ്ടാകുന്നുണ്ട്. ആയതിനാൽ എല്ലാ ചെറുകിട വ്യവസായികളും നിർബന്ധമായും ഉദ്യം റജിസ്ട്രേഷൻ എടുക്കേണ്ടതാണ്. ■

**എ. നിസാറുദ്ദിൻ**
**സംസ്ഥാന പ്രസിഡന്റ്**

# യൂണി എം. എസ്. എം. ഇ. പ്രൊട്ടക്ട് പോളിസി



വിശ്വനാഥൻ ഒടാട്ട്

ചെറുകിട – ഇടത്തരം വ്യവസായ സ്ഥാപനങ്ങൾക്കായി പൊതു മേഖലയിലുള്ള യുണൈറ്റഡ് ഇന്ത്യ ഇൻഷുറൻസ് കമ്പനി പ്രത്യേകം തയ്യാറാക്കിയ പാക്കേജ് പോളിസിയാണിത്. അഞ്ച് വിഭാഗങ്ങളുള്ള ഈ പോളിസിയിൽ 4 വിഭാഗങ്ങൾ നിർബന്ധമായും എടുത്തിരിക്കണം. ഇതൊരു പാക്കേജ് പോളിസിയായതിനാൽ പ്രീമിയത്തിൽ ഇളവുകളും നൽകുന്നുണ്ട്. ഫയർ, ബർഗ്ലറി, പബ്ലിക് ലയബിലിറ്റി, ക്യാഷ് ഇൻഷൂറൻസ് എന്നിവക്ക് പുറമെ വർക്ക്മെൻ കോമ്പൻസേഷൻ (എംപ്ലോയീ ലയബിലിറ്റി) ഇൻഷുറൻസ് കൂടി ഈ പോളിസിയിൽ കവർ ചെയ്യുന്ന റിസ്കുകളാണ്.

ഫയർ ഇൻഷുറൻസിൽ പ്രധാനമായും 3 വസ്തു വഹകളെയാണ് ഇൻഷുർ ചെയ്യുന്നത്. ഇതിൽ ബിൽഡിങ്ങ്, മെഷീനറി എന്നിവ റീഇൻസ്റ്റേറ്റ്മെന്റ് വാല്യു (പുതുതായി നിർമ്മിക്കുന്നതിനുള്ള ചിലവ്) വിനായിരിക്കണം ഇൻഷുർ ചെയ്യേണ്ടത് സ്റ്റോക്ക് യഥാർത്ഥ വിലക്കും ഇൻഷുർ ചെയ്യണം. അടച്ചുറപ്പുള്ള സ്ഥലത്ത് സൂക്ഷിച്ചിരിക്കുന്ന വിലപിടിപ്പുള്ള സാധനങ്ങളാണ് ബർഗ്ലറി പോളിസിയിൽ കവർചെയ്യേണ്ടത്. വ്യവസായ സ്ഥാപനം മൂലം പൊതുജനങ്ങൾക്കോ, പൊതുമുതലിനോ ഉണ്ടായേക്കാവുന്ന കഷ്ടനഷ്ടങ്ങളാണ് പബ്ലിക്‌ലയബിലിറ്റിയിൽ കവർചെയ്യുക. വ്യവസായ സ്ഥാപനത്തിലെ ക്യാഷ്കൗണ്ടറിൽ വെക്കുമ്പോഴും, ക്യാഷ് ബാങ്കിലേക്കും, തിരിച്ചു കൊണ്ടുവരുമ്പോഴുമുള്ള റിസ്കുകളാണ് മണി ഇൻഷുറൻസിൽ കവർചെയ്യുന്നത്. ഇതുകൂടാതെ തൊഴിലാളികൾക്ക് തൊഴിലെടുക്കുമ്പോഴുണ്ടാകുന്ന അത്യാഹിതങ്ങൾ/മരണം എന്നിവ കവർ ചെയ്യുന്ന വിഭാഗമാണ് വർക്ക്മെൻ കോമ്പൻസേഷനിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

മുൻ കാലങ്ങളിൽ അത്യാഹിതങ്ങളൊ, അപകടങ്ങളൊന്നും ഉണ്ടാവാത്ത ഒരുസ്ഥാപനമാണ് നിങ്ങളുടതെങ്കിൽ പ്രീമിയത്തിൽ 20% വരെ ഇളവുകൾ നൽകുന്നുണ്ട്. ഇനി ചെറിയ ക്ലെയിമുകളാണെങ്കിലും ഡിസ്ക്കൗണ്ടിന് അർഹതയുണ്ട് കടലോരമേഖല, വെള്ളം കയറാൻ സാദ്ധ്യതയുള്ള സ്ഥലം എന്നീ മേഖലയിലല്ല നിങ്ങളുടെ സ്ഥാപനം എങ്കിലും പ്രീമിയത്തിൽ കിഴിവ് ലഭിക്കുന്നതാണ്. ചുരുക്കി പറഞ്ഞാൽ നിങ്ങൾ നേരിടേണ്ടി വരുന്ന എല്ലാ പ്രധാനപ്പെട്ട റിസ്കുകളും ഒരുകുടക്കീഴിൽ ലഭ്യമാക്കുന്നു എന്ന ഉദ്ദേശ ലക്ഷ്യത്തോടെ പ്രത്യേകം തയ്യാറാക്കിയ പോളിസിയാണിത്.

ഈ അടുത്ത കാലത്തായി സർക്കാർ പ്രഖ്യാപിച്ച പ്രീമിയം സബ്സിഡി ലഭിക്കുവാനും ഈ പോളിസിയിലൂടെ സാദ്ധ്യമാണ്. അതായത് പ്രീമിയത്തിൽ 50% തുക (പരമാവധി 2500) രൂപവരെ സബ്സിഡി ഇത് മൂലം ലഭിക്കുമെന്നതാണ് സർക്കുലറിൽ പറയുന്നത്. കെ.എസ്.എസ്.ഐ.എ. യുടെ യൂണിറ്റുകൾ, ജില്ലാ ഭാരവാഹികൾ എന്നിവർ മുൻകൈ എടുത്താൽ ഇത്തരം ആനുകുല്യങ്ങൾ കുറഞ്ഞ പ്രീമിയം നിരക്കിൽ പരമാവധി വ്യവസായ സ്ഥാപനങ്ങളിൽ നടപ്പിലാക്കാൻ കൂടിയും മാത്രമല്ല ബാങ്കിൽ നിന്നും ലോൺ എടുത്തവർക്ക് ഈ പോളിസിയിൽ ബാങ്കിന്റെ പേരുകൂടി ഉൾപ്പെടുത്തിവേണം പോളിസി എടുക്കാൻ. കെ.എസ്.എസ്.ഐ.എ. എന്ന സംഘടനയുടെ ഔദ്യോഗിക ഇൻഷുറൻസ് കൺസൽട്ടന്റായ എയിംസ് ഇൻഷുറൻസ് ബ്രോക്കിംങ് കമ്പനിയുടെ കേരളത്തിലുടനീളമുള്ള നെറ്റ്‌വർക്ക് വഴി ആവശ്യമുള്ള സ്ഥാപനങ്ങൾക്ക് ഇതിന്റെ പ്രയോജനം ലഭ്യമാക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് എയിംസ് ഇൻഷുറൻസ് ബ്രോക്കിംങ് കമ്പനിയുമായി ബന്ധപ്പെടേണ്ടതാണ്. ■




എയിംസ് ഇൻഷൂറൻസ് ബ്രോക്കിംങ് പ്രൈവറ്റ് ലിമിറ്റഡ് മാനേജിങ് ഡയറക്ടർ ആണ് ലേഖകൻ. ✆ 9895768333



KSSIA NEWS
NOVEMBER 2023

## വോയിസ് ഓഫ് ജനറൽ സെക്രട്ടറി



# നവ കേരളം: വ്യവസായ വികസന കേരളം. അതായിരിക്കട്ടെ നമ്മുടെ മുദ്രവാക്യം

ഐക്യകേരളം രൂപീകൃതമായിട്ട് 67 വർഷം പൂർത്തിയായി നവംബർ 1–ാം തിയതി 68–ാം പിറന്നാളായി സംസ്ഥാനമൊട്ടുക്കും ആഘോഷിച്ചു. ഈ നീണ്ട 67 വർഷത്തിനുള്ളിൽ, കേരളം നേടിയെടുത്ത ഒട്ടനവധി പുരോഗമന പരവും വികസനോന്മുഖമായ നേട്ടങ്ങളും വളർച്ചയും സാക്ഷ്യം വഹിക്കുന്നവരാണ് കേരള ജനത. വിദ്യാഭ്യാസം, ആരോഗ്യം, സാംസ്ക്കാരിക സാമൂഹ്യമേഖലകളിൽ കേരളം കൈവരിച്ചത് അഭൂതപൂർവ്വമായ നേട്ടങ്ങളാണ്. എന്നാൽ കാർഷിക – വ്യവസായ മേഖലകളിൽ മറ്റു മേഖലകളേക്കാൾ വളർച്ച നേടിയിട്ടുണ്ടോയെന്ന് പരിശോധനയ്ക്ക് വിധേയമാക്കേണ്ടതുണ്ട്. കാർഷിക മേഖല ഒരു അത്യാവശ്യ മേഖലയാണെന്ന് നാം ധരിക്കാറുണ്ടെങ്കിലും ഒരു നഷ്ടകച്ചവടം ആണെന്ന് അനുഭവത്താൽ കർഷകർ ഈ മേഖലയിൽ നിന്നും പുറകോട്ട് പോകുന്ന അവസ്ഥയാണുള്ളത്. കാർഷിക മേഖലയെ നിലനിർത്താനുള്ള ശ്രദ്ധേയമായ ശ്രമങ്ങൾ സർക്കാരിന്റെ ഭാഗത്ത് നിന്നുണ്ടാകുന്നു എന്നുള്ളത് ഒരു വസ്തുതയാണ്. ഇനി ആശ്രയിക്കാവുന്നത് ചെറുകിട വ്യവസായങ്ങളെയാണ്. കുറഞ്ഞ മൂലധനം മുടക്കി കൂടുതൽ തൊഴിൽ സൗകര്യങ്ങളും സർക്കാരിന് റവന്യു വരുമാനവും നേടി തരുന്ന ഈ മേഖലയുടെ വളർച്ചയ്ക്ക് കുറെ കാലങ്ങൾക്ക് മുമ്പ് വരെ പ്രാധാന്യം നല്കിയിരുന്നില്ല. ഈ അടുത്ത കാലത്ത് അതിന് ഒരു മാറ്റം വന്നിരിക്കുകയാണ്. ചെറുകിട വ്യവസായങ്ങൾ ധാരാളം കടന്നു വരാനും സംരംഭകരെ പ്രോത്സാഹിപ്പിക്കാനുമുള്ള ശ്രദ്ധേയമായ നിയമ നിർമ്മാണങ്ങളും അനുകൂലമായ നടപടികളും ഉണ്ടായിട്ടുണ്ടെന്നുള്ളത് സ്വാഗതാർഹമാണ്. ഈ മേഖലയിൽ കടന്ന് വരാൻ മടിച്ചു നിൽക്കുന്ന സംരംഭകരുടെ മനോഭാവത്തിൽ മാറ്റം വരുത്താനുള്ള ഒരു കഠിന ശ്രമം കൂടി എല്ലാ ഭാഗത്ത് നിന്നുണ്ടാകണം. സംരംഭകത്തിലേക്ക് ആകർഷിക്കാൻ വേണ്ട ഉപദേശങ്ങളും, നിർദ്ദേശങ്ങളും നല്കാൻ താലൂക്ക് വ്യവസായ ഓഫീസ്സിൽ ഫെസിലിറ്റേഷൻ സെന്ററുകൾ പ്രവർത്തിച്ചു വരുന്നുണ്ട്. ഇതിനു പുറമെ സംരംഭകർക്ക് സംസ്ഥാനത്തിലെ ഉപഭോക്താക്കളുടെ അഭിരുചി അനുസരിച്ചുള്ള ഉല്പന്നങ്ങൾ ധാരാളം ഉല്പാദിപ്പിക്കാനും പ്രൊഡക്റ്റ് തെരഞ്ഞെടുക്കാനുമുള്ള പ്രാപ്തി സംരംഭകരിൽ ഉണ്ടാക്കണം. സംസ്ഥാനത്ത് ആയിരക്കണക്കിന് ഉല്പന്നങ്ങൾ അന്യസംസ്ഥാനങ്ങളിൽ നിന്നും വില്പനയ്ക്ക് വരുന്നുണ്ട്. വർഷത്തിൽ 1 ലക്ഷം കോടിയോളം രൂപയുടെ സാധനങ്ങൾ വരുന്നുണ്ടെന്നാണ് കണക്ക്. അന്യ സംസ്ഥാനങ്ങളിലെ ഉല്പന്നങ്ങൾ വിറ്റഴിക്കുന്ന ഒരു കമ്പോളമാണ് കേരളം എന്ന പേരു ദോഷം മാറ്റി എടുക്കണം. അതിന് സംരംഭകരെ ആകർഷിക്കുന്നതിനും നമ്മുടെ സംസ്ഥാനത്ത് നിർമ്മിക്കാത്തതും അന്യ സംസ്ഥാനങ്ങളിൽ നിന്നും വരുന്ന ഉല്പന്നങ്ങൾ സംരംഭകരെ പരിചയപ്പെടുത്തുവാനും സംരംഭകർക്ക് കൂടെ കൂടെ ട്രെയിനിങ്ങ് ക്ലാസ്സുകൾ നടത്താനും റെഡിമെയ്ഡ് പ്രൊജക്റ്റ് പ്രൊഫൈലുകൾ നല്കാനുമുള്ള നടപടികൾ സ്വീകരിക്കണം.

സംസ്ഥാനത്തിലെ നിലവിൽ പ്രവർത്തിക്കുന്ന സംരംഭകരുടെ വർഷങ്ങളായി പരിഹരിക്കാനുള്ള പ്രശ്നങ്ങൾ നിലവിലുണ്ട്. സർക്കാരിന്റെയും വ്യവസായ വകുപ്പിന്റെയും വ്യവസ്ഥകൾ അംഗീകരിച്ച് വ്യവസായം നടത്തി വരുന്നവരാണ് വ്യവസായ എസ്റ്റേറ്റിലെ സംരംഭകർ. തന്റെ സംരംഭം ഏതെങ്കിലും കാരണവശാൽ വ്യവസായം നടത്തുന്നതിന് മാത്രം മറ്റൊരു വ്യവസായിയ്ക്ക് കൈമാറാനോ, പ്രൊഡക്റ്റ് ചെയ്ഞ്ച് ചെയ്യാനോ, പുതിയ പാർട്ട്ണറെ ചേർക്കാനോ, വിപുലികരിക്കാനോ സാധിക്കാത്ത ഒരവസ്ഥയാണ് എസ്റ്റേറ്റിലെ സംരംഭകർ നേരിടുന്ന പ്രശ്നം. സംരംഭകർക്ക് അനുകൂലമായി ഭേദഗതി ചെയ്തുകൊണ്ടുള്ള ലാന്റ് അലോട്ട്മെന്റ് പോളിസി ഉത്തരവായി ഇറക്കുമെന്ന സർക്കാരിന്റെ വാഗ്ദാനം നടപ്പിലാക്കാൻ വൈകുന്നതിന്റെ കാരണം ഇപ്പോഴും മനസ്സിലാകുന്നില്ല. അതുപോലെ സിഡ്കോ വ്യവസായ എസ്റ്റേറ്റിലെ നിലവിലുള്ള സംരംഭകരുടെ പ്രശ്നങ്ങളും പൂർണ്ണമായും പരിഹരിക്കപ്പെട്ടിട്ടില്ല. പുതിയ സംരംഭകരെ ആകർഷിക്കുന്നതിനും അനുകൂലമായ നടപടികൾ സ്വീകരിക്കുന്നതോടൊപ്പം നിലവിലുള്ള സംരംഭകരുടെ പ്രശ്നങ്ങളും പരിഹരിക്കണം. എന്നാൽ മാത്രമെ ഈ മേഖലയിലേക്ക് പുതിയ സംരംഭകർ കടന്നു വരാൻ താല്പര്യം കാണിക്കുകയുള്ളു. പുതിയ വ്യവസായ വികസന സംസ്ക്കാരം നിലനിർത്താനും വർഷങ്ങളായി പരിഹരിക്കപ്പെടേണ്ട മേൽ പറഞ്ഞ വിഷയങ്ങളിൽ അടിയന്തിര നടപടികൾ സ്വീകരിച്ച് നിലവിലുള്ള സംരംഭകരുടെയും, പുതിയതായി വരുന്ന സംരംഭകരുടെയും കൂട്ടായ പ്രവർത്തനത്തിലൂടെ നവകേരളം ഒരു വ്യവസായ വികസന കേരളമായി സാക്ഷാത്കരിക്കാൻ നമുക്ക് ഒത്തൊരുമിച്ച് പ്രവർത്തിക്കാം. ■

**പി.ജെ. ജോസ്**
**ജനറൽ സെക്രട്ടറി**

KSSIA NEWS
NOVEMBER 2023

# ചോദ്യോത്തര പംക്തി

## ജി.എസ്.റ്റി.യിൽ അപ്പീൽ സമർപ്പിക്കേണ്ട സമയം പരമാവധി 4 മാസം എന്ന നിബന്ധന ഹൈക്കോടതി വരെ ശരി വെച്ചപ്പോൾ ഓർഡർ കിട്ടി 4 മാസം കഴിഞ്ഞിട്ടും അപ്പീൽ ഫയൽ ചെയ്യാൻ പറ്റാത്തവർക്ക് എന്താണ് ഒരു പരിഹാര മാർഗ്ഗം ?

**ചോദ്യം: ഞാൻ എം.എസ്.എം.ഇ. രജിസ്ട്രേഷൻ, മറ്റു ബന്ധപ്പെട്ട ലൈസൻസുകൾ എന്നിവ എടുത്തതിനു ശേഷം ബിസിനസ് ചെയ്യുന്നയാളാണ്. കഴിഞ്ഞ ദിവസം ജി.എസ്.റ്റി. ഓഫീസിൽ നിന്നും 16,00,200 രൂപ കുടിശ്ശികയുണ്ടെന്ന് കാണിച്ച് 2 ഉദ്യോഗസ്ഥർ എന്റെ സ്ഥാപനത്തിൽ വന്നിരുന്നു. ഉടൻതന്നെ എന്റെ സ്ഥാപനത്തിന്റെ കണക്കുകൾ നോക്കുന്ന ടാക്സ് കൺസൾട്ടന്റിന്റെ ഉപദേശം തേടിയപ്പോൾ അദ്ദേഹം ജി.എസ്.റ്റി. പോർട്ടലിൽ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, 2017-18 ലെ റിട്ടേണുമായി ബന്ധപ്പെട്ട് എനിക്ക് ജി.എസ്.റ്റി. ഉദ്യോഗസ്ഥൻ ജി.എസ്.റ്റി. പോർട്ടലിലൂടെ അയച്ച 20.10.2022 എന്ന തീയതിയിലുള്ള നോട്ടീസിന് മറുപടി നൽകാതിരുന്നത് മൂലം, 22.12.2022 എന്ന തിയതിയിൽ ജി.എസ്.റ്റി ഉദ്യോഗസ്ഥൻ ഫൈനൽ ഓർഡർ ആക്കി ഡിമാൻഡ് ജി.എസ്.റ്റി. വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്തിട്ടുണ്ട് എന്ന് പറഞ്ഞു. മാത്രമല്ല 22.12.2022 എന്ന തിയതിയിൽ പാസ്സാക്കിയ ഓർഡറിനെതിരെ 3 മാസത്തിനുള്ളിൽ അപ്പീൽ നൽകേണ്ടതായിരന്നുവെന്നും പറഞ്ഞു. അപ്പീൽ സമയം കഴിഞ്ഞാൽ പരമാവധി ഒരു മാസത്തെ കാലതാമസം മാത്രമേ അനുവദനീയമായിട്ടുള്ളൂ എന്നതിനാൽ 16,00,200 രൂപയും അതിന്റെ പലിശയും അടയ്ക്കേണ്ടി വരുമെന്നും പറഞ്ഞു. ഞാൻ എന്റെ വിൽപ്പനയ്ക്ക് കൃത്യമായി അതാതു മാസം തന്നെ റിട്ടേണിലൂടെ ജി.എസ്.റ്റി. അടച്ചു കൊണ്ടിരിക്കുന്നയാളാണ്. ഞാൻ സാമ്പത്തികമായി വളരെയേറെ പ്രതിസന്ധിയിലാണ്. എനിക്ക് ഈ പ്രശ്നത്തിൽ നിന്നും കരകയറാൻ എന്തെങ്കിലും വഴി കാണിച്ചു തരാമോ?**

**– മുഹമ്മദ് അഷറഫ്, മലപ്പുറം**

**ഉത്തരം:**



കൺസൾട്ടന്റും ഉദ്യോഗസ്ഥനും പറഞ്ഞത് ശരിയാണ്. ജി.എസ്.റ്റി.യുടെ പോർട്ടലിൽ ഒരു നോട്ടീസ് വന്നാൽ, ആ നോട്ടീസിൽ പറഞ്ഞിരിക്കുന്ന സമയത്ത് തന്നെ മറുപടി നൽകണം. മറുപടി നൽകിയില്ലെങ്കിൽ, ആ നോട്ടീസിലെ കാര്യങ്ങൾ താങ്കൾക്ക് സ്വീകാര്യമാണ് എന്നാകും ജി.എസ്.റ്റി. ഉദ്യോഗസ്ഥർ വ്യാഖ്യാനിക്കുക. നോട്ടീസിനെതിരെയുള്ള മറുപടി ലഭിക്കാത്തതിനാലും, നോട്ടീസിൽ നേരിട്ട് ഹാജരാകാൻ പറഞ്ഞ ദിവസത്തിൽ താങ്കൾ ഹാജരാക്കാത്തതിനാലും, പ്രസ്തുത നോട്ടീസിൽ നിർദ്ദേശിച്ച കാര്യങ്ങൾ അതേപടി ഓർഡർ ആക്കി, പ്രസ്തുത ജി.എസ്.റ്റി. ഉദ്യോഗസ്ഥൻ ജി.എസ്.റ്റി. പോർട്ടലിൽ അപ്‌ലോഡ് ചെയ്തിട്ടുണ്ടാകും. അതോടൊപ്പം ഡിമാൻഡ് നോട്ടീസും അപ്‌ലോഡ് ചെയ്യും. ജി.എസ്.റ്റി പോർട്ടലിൽ ഒരു ഓർഡർ അപ്‌ലോഡ് ചെയ്തു കഴിഞ്ഞാൽ ആ ഓർഡർ ജി.എസ്.റ്റി. രജിസ്ട്രേഷനുള്ള പ്രസ്തുത വ്യക്തിക്ക് നേരിട്ട് കിട്ടിയതായി കണക്കാക്കേണ്ടതാണ്. ഓർഡറിൽ പറഞ്ഞ കാര്യങ്ങളിൽ എന്തെങ്കിലും ആക്ഷേപം ഉണ്ടെങ്കിൽ, നികുതിദായകൻ 3 മാസത്തിനുള്ളിൽ അപ്പീൽ നൽകണം. അപ്പീൽ നൽകാനുള്ള കാലാവധി 3 മാസം എന്നുള്ളത് മതിയായ കാരണമുണ്ടെങ്കിൽ, 30 ദിവസത്തേക്കു കൂടി മാപ്പാക്കാൻ ബന്ധപ്പെട്ട അപ്പീൽ അധികാരികൾക്ക് കഴിയും. അതു കഴിഞ്ഞാൽ, സാധാരണ നിലയിൽ പിന്നീട് അപ്പീൽ നടപടികൾക്ക് സാദ്ധ്യമല്ല.

**ജി.എസ്.റ്റി. യിൽ പ്രത്യേകം ശ്രദ്ധ വേണ്ട കാര്യം, 3 ദിവസത്തിൽ ഒരിക്കലെങ്കിലും ജി.എസ്.റ്റി യൂസർ ഐ.ഡി. ഉപയോഗിച്ച് ജി.എസ്.റ്റി. പോർട്ടലിൽ കയറി എന്തെങ്കിലും നോട്ടീസോ അല്ലെങ്കിൽ ഓർഡറോ വന്നിട്ടുണ്ടോയെന്ന് ജി.എസ്.റ്റി. രജിസ്ട്രേഷൻ എടുത്ത എല്ലാവരും പരിശോധിക്കേണ്ടതാണ്.**

**താങ്കളെ സംബന്ധിച്ച് ഒരു അനുകൂല വിജ്ഞാപനം 02.11.2023 ൽ സർക്കാർ പ്രഖ്യാപിച്ച് പ്രസിദ്ധികരിച്ചിട്ടുണ്ട്. 02.11.2023 ൽ സർക്കാർ പുറപ്പെടുവിച്ച വിജ്ഞാപനം നമ്പർ 53/2023, ഈ വിഷയത്തിൽ താങ്കൾക്ക് നല്ലൊരു പരിഹാരമാർഗ്ഗമാണ്. എന്നിരുന്നാലും വിജ്ഞാപനത്തിൽ പറഞ്ഞിരിക്കുന്ന വ്യവസ്ഥകൾ ശ്രദ്ധയോടെ പാലിക്കേണ്ടതാണ്.**

പ്രസ്തുത വിജ്ഞാപനമനുസരിച്ച്, 31.03.2023 -നകം ജി.എസ്.റ്റി.യുടെ 73-ാം വകുപ്പോ, 74-ാം വകുപ്പോ അനുസരിച്ചുള്ള ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ടെങ്കിൽ, 31.01.2024-നകം ഫയൽ ചെയ്യുന്ന അപ്പീലുകൾ സാധുവായി കണക്കാക്കും. 22.12.2022 ന് താങ്കൾക്ക് ഓർഡർ ലഭിച്ചതിനാൽ, ഈ അറിയിപ്പിന്റെ അടിസ്ഥാനത്തിൽ അപ്പീൽ ഫയൽ ചെയ്യാൻ താങ്കൾക്ക് ഇനിയും സമയമുണ്ട്. എത്രയും വേഗം അപ്പീൽ സമർപ്പിക്കുക.

**അപ്പീൽ ഫയൽ ചെയ്യുന്നതിനുള്ള പ്രീ ഡെപ്പോസിറ്റ് സാധാരണ നിലയിൽ തർക്കത്തിലുള്ള നികുതിയുടെ 10 ശതമാനമാണ്. എന്നാൽ അപ്പീൽ ആംനസ്റ്റി സ്കീം പ്രകാരം അപ്പീൽ ഫയൽ ചെയ്യുമ്പോൾ 12.5 ശതമാനം നികുതി തുക പ്രീ ഡെപ്പോസിറ്റായി അടക്കേണ്ടതുണ്ട്.**

അപ്പീൽ ആംനസ്റ്റി സ്കീമുമായി ബന്ധപ്പെട്ട ചില ചോദ്യങ്ങളും അതിനുള്ള ഉത്തരങ്ങളും ഇവിടെ ചേർക്കുന്നു.

**1. ഏതൊക്കെ ഓർഡറുകൾക്കാണ് അപ്പീൽ ആംനസ്റ്റി സ്കീം ഉപയോഗപ്രദമാവുക?**

ഉത്തരം: 2023 മാർച്ച് 31 നോ, അല്ലെങ്കിൽ അതിനു മുമ്പോ പ്രോപ്പർ ഓഫീസർ സി.ജി.എസ്.റ്റി/എസ്.ജി.എസ്.റ്റി നിയമത്തിന്റെ 73 അല്ലെങ്കിൽ 74 ഉം വകുപ്പ് പ്രകാരം പാസ്സാക്കിയ ഉത്തരവുകളിൽ.

**2. എല്ലാ അസ്സസ്സ്മെന്റ് ഓർഡറുകൾക്കും അല്ലെങ്കിൽ മറ്റു ഓർഡറുകൾക്കും ഈ സ്കീമിൽ കാലതാമസം ഒഴിവാക്കാനുള്ള ആനുകൂല്യം ലഭിക്കുമോ?**

ഉത്തരം: ഇല്ല. സി.ജി.എസ്.റ്റി/എസ്.ജി.എസ്.റ്റി നിയമത്തിന്റെ 73 അല്ലെങ്കിൽ 74 ഉം വകുപ്പ് പ്രകാരം പാസ്സാക്കിയ ഉത്തരവുകൾക്ക് മാത്രമാണ് അപ്പീൽ ആംനസ്റ്റി സ്കീം ഉപയോഗിക്കാവുന്നത്. അതായത് സി.ജി.എസ്.റ്റി/എസ്.ജി.എസ്.റ്റി നിയമത്തിലെ വകുപ്പ് 75 (12) പ്രകാരമോ, 29-ാം വകുപ്പ് പ്രകാരമോ പാസ്സാക്കിയ ഉത്തരവുകൾക്ക് ഈ ആനുകൂല്യം ഉണ്ടാകില്ല.

**3. അപ്പീൽ ആംനസ്റ്റി സ്കീം അനുസരിച്ച് എന്നുവരെ അപ്പീൽ ഫയൽ ചെയ്യാം?**

ഉത്തരം: 31.01.2024 നു മുമ്പായിട്ട് പ്രസ്തുത ഉത്തരവിനെതിരെ പ്രസ്തുത വ്യക്തി അപ്പീൽ ഫയൽ ചെയ്തിരിക്കണം.

**4. അപ്പീൽ ആംനസ്റ്റി സ്കീം വഴി അപ്പീൽ ഫയൽ ചെയ്യാൻ വേറെ ഏതെങ്കിലും ഫോം സമർപ്പിക്കേണ്ടതുണ്ടോ?**

ഉത്തരം: നിലവിലുള്ള ജി.എസ്.റ്റി എ.പി.എൽ. - 01 എന്ന ഫോമിൽ തന്നെ അപ്പീൽ ഫയൽ ചെയ്യാവുന്നതാണ്.

**5 അപ്പീൽ ആംനസ്റ്റി സ്കീമിലെ പ്രീ ഡെപ്പോസിറ്റ് കാര്യങ്ങൾ ഒന്ന് വിശദികരിക്കാമോ?**

ഉത്തരം: നികുതിദായകൻ സമ്മതിച്ച തുക മുഴുവനായി അടച്ചിരിക്കണം. തർക്കത്തിൽ ബാക്കിയുള്ള നികുതി തുകയുടെ 12.5 ശതമാനം നിർബന്ധമായി അടയ്ക്കേണ്ടതാണ്. പ്രസ്തുത പ്രീ ഡെപ്പോസിറ്റ് തുകയിൽ 20 ശതമാനമെങ്കിലും ഇലക്ട്രോണിക് ക്യാഷ് ലെഡ്ജറിൽ നിന്ന് ഡെബിറ്റ് ചെയ്തതായിരിക്കണം. സാധാരണ അപ്പീലിന്റെ പ്രീ- ഡെപ്പോസിറ്റ് തുക ക്രെഡിറ്റ് ലെഡ്ജറിൽ നിന്നും ഡെബിറ്റ് ചെയ്യാമായിരുന്നു. എന്നാൽ അപ്പീൽ ആംനസ്റ്റി സ്ക്കീമിൽ പ്രീ ഡെപ്പോസിറ്റ് തുകയുടെ 20 ശതമാനമെങ്കിലും ക്യാഷ് തന്നെയായി അടയ്ക്കണം.(ജി.എസ്.റ്റി പോർട്ടലിലെ ഇലക്ട്രോണിക് ക്യാഷ് ലെഡ്ജറിലൂടെ).

**6. ഇതുവരെ തീർപ്പാകാത്ത അപ്പീലുകൾക്ക് അപ്പീൽ ആംനസ്റ്റി സ്കീം ബാധകമാണോ?**

ഉത്തരം: വകുപ്പ് 107-ലെ വ്യവസ്ഥകൾ അനുസരിച്ച് സമർപ്പിച്ച അപ്പീലുകളിൽ കാലതാമസത്തിന്റെ പ്രശ്നമുള്ളവയിൽ ഇതുവരെയും തീർപ്പാക്കിയിട്ടില്ലാത്ത എല്ലാ അപ്പീലുകളിലും 52/2023 എന്ന വിജ്ഞാപനത്തിൽ സൂചിപ്പിച്ചിരിക്കുന്ന മുൻകൂർ നിക്ഷേപത്തിന്റെ വ്യവസ്ഥ നിറവേറ്റുന്നുവെങ്കിൽ അത്തരം പെൻഡിങ്ങ് അപ്പീലുകൾക്കും ഈ ആനുകൂല്യം ലഭ്യമാകുന്നതാണ്. അത്തരം അപ്പീലുകളിൽ അപേക്ഷകൻ 12.5% മുൻകൂർ നിക്ഷേപം നൽകേണ്ടതുണ്ട്. മുൻകൂർ നിക്ഷേപ തുകയായ 12.5 ശതമാനത്തിന്റെ 20 % തുക ഇലക്ട്രോണിക് ക്യാഷ് ലെഡ്ജറിൽ നിന്നും അടക്കേണ്ടതാണ്.

**7. അപ്പീൽ ആംനസ്റ്റി സ്കീമിന്റെ പരിധിയിൽ വരാത്ത കേസുകൾ എന്തൊക്കെയാണ്?**

ഉത്തരം:

- ഈ വിജ്ഞാപനത്തിന് കീഴിലുള്ള ആനുകൂല്യം ഡിമാൻഡ് തുകയില്ലാത്ത കേസുകൾക്ക് പറ്റുകയില്ല.
- രജിസ്ട്രേഷൻ റദ്ദാക്കിയ കേസുകൾക്ക് ഈ ആനുകൂല്യം ലഭിക്കില്ല.
- പിഴ ആവശ്യപ്പെടുന്ന ജി.എസ്.റ്റി. യുടെ 129 വകുപ്പിന് കീഴിൽ വരുന്ന ഇ-വേ ബില്ലിന്റെതുൾപ്പടെയുള്ള കേസുകൾക്ക് ഈ ആനുകൂല്യം ലഭ്യമല്ല.
- റീഫണ്ടുകൾ നിരസിക്കപ്പെട്ട കേസുകൾക്കും ഈ ആനുകൂല്യം ലഭ്യമല്ല.

താങ്കൾക്ക് ഈ അപ്പീൽ ആംനസ്റ്റി സ്കീം തീർച്ചയായും പ്രയോജനപ്പെടും എന്ന് മാത്രമല്ല താങ്കൾക്ക് കിട്ടിയെന്ന് പറയുന്ന 16,00,200 രൂപയുമായി ബന്ധപ്പെട്ട ഉത്തരവിനെതിരെ ശരിയായ ഉപദേശം എടുത്ത് മതിയായ രേഖകൾ സഹിതം എത്രയും വേഗം അപ്പീൽ ഫയൽ ചെയ്തു ബാദ്ധ്യതയിൽ നിന്നും ഒഴിവാകുവാനും സാധിക്കും എന്ന് പ്രത്യാശിക്കുന്നു.■

**അഡ്വ. കെ.എസ്.ഹരിഹരൻ**
**ജി.എസ്.റ്റി. & സെൻട്രൽ എക്സൈസ് കമ്മിറ്റി ചെയർമാൻ ✆ 9846227555, 7902443188, 7907000401**

GOODS AND SERVICES TAX

KSSIA NEWS
NOVEMBER 2023



ടി.എസ്. ചന്ദ്രൻ

# 5% പലിശയ്ക്ക് രണ്ടു കോടി രൂപ വരെ മുഖ്യമന്ത്രിയുടെ സംരംഭ വായ്പ

മുഖ്യമന്ത്രിയുടെ സംരംഭകത്വ വികസന പരിപാടി എന്ന പദ്ധതി പ്രകാരം ഇപ്പോൾ രണ്ടു കോടി രൂപ വരെ വായ്പ 5 ശതമാനം പലിശയ്ക്ക് ലഭിക്കും. കേരള ഫിനാൻഷ്യൽ കോർപ്പറേഷനാണ് പദ്ധതി നടപ്പിലാക്കുന്നത്. സംസ്ഥാന സർക്കാരിന്റെ ഒരു പദ്ധതിയാണ് ഇത്.

## പദ്ധതി ആനുകൂല്യങ്ങൾ

- 2 കോടി രൂപ വരെ 5% പലിശയിൽ സംരംഭകർക്ക് വായ്പ ലഭ്യമാക്കുന്നു. ആദ്യത്തെ 5 വർഷത്തേക്കാണ് ഈ ആനുകൂല്യം. 10% ആണ് വാർഷിക പലിശ ഇതിൽ 3% സംസ്ഥാന സർക്കാരും 2% കെ.എഫ്.സി. യും വഹിക്കുന്നു എന്നതിനാലാണ് 5% പലിശയ്ക്ക് വായ്പ അനുവദിക്കുന്നത്.
- ടേംലോൺ വർക്കിങ്ങ് ക്യാപിറ്റൽലോൺ എന്നിവയിൽ സംയുക്തമായോ പ്രത്യേകമായോ വായ്പ ലഭിക്കും.
- 2 കോടിയിൽ കൂടുതൽ വായ്പ ആവശ്യമായി വരുന്ന പദ്ധതികൾക്ക് 2 കോടി രൂപവരെ 5% പലിശയ്ക്കും അതിനു മുകളിലുള്ള തുകയ്ക്ക് സാധാരണ കെ.എഫ്.സി. പലിശയ്ക്കും ആയിരിക്കും വായ്പ അനുവദിക്കുക. വായ്പ 2 കോടിയിൽ നിജപ്പെടുത്തുന്നില്ല എന്ന് സാരം.
- അംഗീകൃത പദ്ധതി ചെലവിന്റെ 90% വരെ ടേം ലോൺ ആയി ലഭിക്കുന്നതാണ്. ഇതിൽ ഭൂമിയുടെ വില പ്രവർത്തന മൂലധന വിഹിതം എന്നിവ പരിഗണിക്കില്ല.
- പ്രവർത്തന മൂലധനം വിറ്റു വരവിന്റെ പരമാവധി 25% ആയി കണക്കാക്കി 80% ശതമാനം വരെ പ്രവർത്തന മൂലധന സമയ വായ്പയായി അനുവദിക്കും.
- കുറഞ്ഞ വായ്പാ 5 ലക്ഷവും ഏറ്റവും കുറഞ്ഞ സംരംഭകന്റെ വിഹിതം 10 ശതമാനവും ആയിരിക്കും.
- പരമാവധി ഒരു വർഷത്തെ മോറട്ടോറിയം ലഭിക്കും

## സ്റ്റാർട്ടപ്പുകൾക്കും അർഹത

- ഈ പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങൾക്ക് സ്റ്റാർട്ടപ്പുകൾക്കും അർഹതയുണ്ട്. ഉല്പാദനം, വാണിജ്യവൽക്കരണം, ഉല്പാദന തോത് ഉയർത്തൽ, എന്നീ ഘട്ടങ്ങളിൽ വായ്പ ലഭിക്കും.
- നിലവിലുള്ള സ്ഥാപനങ്ങൾക്കും വായ്പയ്ക്ക് അർഹത ഉണ്ടാകും. പുതിയ സംരംഭങ്ങളാണ് കൂടുതലായും ഈ പദ്ധതി പ്രകാരം പ്രതീക്ഷിക്കുന്നത്.
- സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങളുടെ നിർവചനത്തിൽ വരുന്ന സ്ഥാപനങ്ങൾക്ക് അർഹതയുണ്ട്.
- ഉല്പാദനം തുടങ്ങി 18 മാസം അധികരിക്കാത്ത സംരംഭങ്ങളെ പുതിയ യൂണിറ്റുകളായും അതിനു മുകളിൽ വരുന്നവയെ നിലവിലുള്ള സംരംഭങ്ങളായും കണക്കാക്കുന്നു.
- നിലവിലുള്ള എം.എസ്.എം.ഇ. കൾക്ക് വികസനം, ആധുനികവൽക്കരണം, വൈവിധ്യ വൽക്കരണം എന്നീ ആവശ്യങ്ങൾക്കാണ് വായ്പ ലഭിക്കുക.
- ബാർ ഹോട്ടൽ, മെറ്റൽ ക്രഷർ, സിനിമ/സീരിയൽ നിർമ്മാണം, കച്ചവടം, ട്രാൻസ്പോർട്ട്, ഫിഷിങ്ങ്, ഫാമിംഗ്, റിയൽ എസ്റ്റേറ്റ്, എന്നിവയ്ക്ക് വായ്പ ലഭിക്കില്ല.

## സംരംഭകന്റെ യോഗ്യത

- 50 വയസ്സിൽ താഴെയായിരിക്കണം പ്രായം. എന്നാൽ സ്ത്രീകൾ, എൻ.ആർ.കെ., എസ്.സി. എസ്.റ്റി. എന്നിവർക്ക് 55 വരെ ആകാവുന്നതാണ്.
- സ്ഥിരം ജോലിക്കാർ ആയിരിക്കരുത്.
- എല്ലാ അംഗങ്ങളുടെയും കെ.വൈ.സി മികച്ചതായിരിക്കണം. 650 ൽ കുറയാത്ത സിബിൽ സ്കോർ വേണം.
- വിദ്യാഭ്യാസ യോഗ്യത ബാധകമല്ല.

## സെക്യൂരിറ്റിയും സബ്സിഡിയും.

വായ്പയ്ക്ക് സെക്യൂരിറ്റി നൽകണം. പ്രാഥമിക ആസ്തികൾ, വായ്പ ഉപയോഗിച്ച് സമ്പാദിക്കുന്ന ആസ്തികൾ, കിട്ടാനുള്ളവ, വ്യക്തിപരമായ ഗ്യാരണ്ടികൾ, കൊലാറ്ററൽ സെക്യൂരിറ്റി, എഫ്.ഡി., ഇൻഷൂറൻസ് പോളിസി, കടപ്പത്രങ്ങൾ, എന്നിവ സെക്യൂരിറ്റി ആയി സ്വീകരിക്കും. ഈ പദ്ധതി പ്രകാരം സബ്സിഡി ഒന്നും പറയുന്നില്ല. എന്നിരുന്നാലും ഇ.എസ്.എസ്. സ്കീം പ്രകാരവും നോർക്ക റൂട്ട്സ് പദ്ധതി പ്രകാരവും സബ്സിഡികൾക്ക് അർഹതയുണ്ടാകും. വ്യവസായ വകുപ്പ് നടപ്പാക്കി വരുന്ന ഇ.എസ്.എസ്. പ്രകാരമുള്ള ആനുകൂല്യങ്ങൾ നിർമ്മാണ യൂണിറ്റുകൾക്ക് ലഭിക്കുന്നതാണ്. ഇവർക്കുള്ള സബ്സിഡി കെ.എഫ്.സി. നേരിട്ട് ലഭ്യമാക്കും എന്ന് സൗകര്യവുമുണ്ട്. കൈതാങ്ങ് സഹായവും സുഗമമായ പ്രവർത്തനങ്ങൾക്ക് വേണ്ട ഉപദേശ നിർദ്ദേശങ്ങളും കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ വഴി ലഭിക്കും. സംരംഭകർ കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ ജില്ലാ – മേഖല ഓഫീസുകളുമായി ബന്ധപ്പെട്ട് അപേക്ഷ സമർപ്പിക്കാൻ ശ്രമിക്കുക. www.kfc.org എന്ന സൈറ്റിൽ നിന്നും ഓൺലൈൻ രജിസ്ട്രേഷൻ എടുക്കാം. അംഗീകൃത കൺസൾട്ടന്റുമാർ നൽകുന്ന വിശദമായ പദ്ധതി രൂപരേഖയും സംരംഭകർ സമർപ്പിക്കണം.

നിരീക്ഷണത്തിന്റെയും പഠനത്തിന്റെയും അടിസ്ഥാനത്തിൽ വിപണിയിൽ വിജയിക്കാവുന്ന ഒരു പദ്ധതി കണ്ടെത്തുക എന്നതാണ് പുതു സംരംഭകർ ചെയ്യേണ്ടത്. ഇത്തരം ഒരു പദ്ധതി യാഥാർത്ഥ്യ ബോദ്ധ്യത്തോടെ നടപ്പാക്കാൻ കെ.എഫ്. സി. സഹായിക്കും. ■

**സംസ്ഥാന വ്യവസായ വകുപ്പ് മുൻ ഡെപ്യൂട്ടി ഡയറക്ടർ ആണ് ലേഖകൻ.**




KSSIA NEWS

KSSIA NEWS
(Vyavasayam)
Monthly Magazine
Advtertisement Tariff

| | | |
|---|---|---|
| Front Page Bottom (Colour) | - | 12,000 + G S T |
| Full Back page (Colour) | - | 15,000 + G S T |
| Full Back page inside (Colour) | - | 10,000 + G S T |
| Full Front Page inside (Colour) | - | 10,000 + G S T |
| Full page inside (Colour) | - | 9,000 + G S T |
| Half page inside (Colour) | - | 5,000 + G S T |
| Quarter page inside (Colour) | - | 3,000 + G S T |

Journal Size Demy 1/4
Number of pages – 24
**Discount**
For 12 months insertion 15%
For 6 months insertion 10%

# ലോക വിപണി കീഴടക്കി അർജുന നാച്ചുറൽ പ്രൈവറ്റ് ലിമിറ്റഡ്

അർജുനയുടെ സാരഥി പി.ജെ.കുഞ്ഞച്ചനുമായി KSSIA-യുടെ പ്രതിനിധി രാജേഷ് ജി. നടത്തിയ അഭിമുഖത്തിൽ നിന്നും...

**സുഗന്ധ വ്യഞ്ജന ഉത്പന്നങ്ങളുടെ ഉത്പാദന-വിപണന രംഗത്തേക്ക് അങ്ങ് കടന്നുവരുവാനുണ്ടായ സാഹചര്യത്തെ കുറിച്ച് പറയാമോ?**

52 വർഷങ്ങൾക്ക് മുൻപ്, 17 ാം വയസ്സിൽ വളരെ എളിയ നിലയിൽ ബിസിനസ് രംഗത്തേക്ക് കടന്നുവന്ന ആളാണു ഞാൻ. വളങ്ങളുടേയും കീടനാശിനികളുടെയും ഉത്പാദനവും വിപണനവുമുൾപ്പെടെ പല ബിസിനസ്സ് സംരഭങ്ങൾക്കുമൊടുവിൽ 1989 ലാണ് സുഗന്ധ വ്യഞ്ജന ഉത്പന്നങ്ങളുടെ ഉത്പാദന – വിപണനന്നരംഗത്തേക്ക് ഞാൻ കടന്നത്. നീണ്ട 34 വർഷങ്ങളായി ഞാൻ പ്രകൃതിയും, പ്രകൃതിദത്ത ഉത്പന്നങ്ങളുമായി കൈകോർത്തുകൊണ്ട് മുന്നോട്ടുപോകുന്നു. പലരും എന്നോട് ചോദിക്കാറുണ്ട് എന്തുകൊണ്ടാണ് ഞാൻ മറ്റൊരു മേഖലയിലേക്ക് കടക്കാത്തതെന്ന്.... അതിനുള്ള ഉത്തരം, പ്രകൃതി എന്റെ അഭിനിവേശവും, അർജുന എന്റെ ആത്മാവുമാണ് എന്നതാണ്. അർജുനയുടെ പ്രവർത്തനങ്ങളിൽ പങ്കുചേരാത്ത ഒരു ദിവസത്തെ കുറിച്ച് എനിക്ക് ചിന്തിക്കുവാൻ കൂടി കഴിയില്ല. ജീവിതം എന്നെ വ്യത്യസ്ഥങ്ങളായ പല വഴികളിലൂടെയും മുന്നോട്ട് നയിക്കുവാൻ ശ്രമിച്ചിരുന്നു. എന്നാൽ ഞാൻ ഇപ്പോൾ സഞ്ചരിക്കുന്ന പാതയാണ് എനിക്ക് ഏറ്റവും അനുയോജ്യമായതെന്ന് ഞാൻ വിശ്വസിക്കുന്നു.

**എന്തുകൊണ്ടാണ് അങ്ങ് അർജുനയിലൂടെ പ്രകൃതിയേയും, സുഗന്ധവ്യജ്ഞനങ്ങളേയും, ഔഷധ സസ്യങ്ങളേയും തിരഞ്ഞെടുക്കുവാൻ തീരുമാനിച്ചതെന്ന് അറിയുവാൻ ആഗ്രഹമുണ്ട് ?**

ഞാൻ ഇവിടെ എന്റെ ചില അഭിനിവേശങ്ങളെ കുറിച്ചും, ഭൂതകാലത്തെകുറിച്ചും അൽപ്പം പറയുവാനാഗ്രഹിക്കുകയാണ്. 1989ൽ ആണ് അർജുന ആരോമാറ്റിക്സ് തുടങ്ങികൊണ്ട് ഹെൽത്ത് കെയർ ഉത്പന്നങ്ങളുടേയും, ഫുഡ് സപ്ലിമെന്റുകളുടേയും ഉത്പാദന രംഗത്തേക്ക് ഞാൻ കടന്നുവന്നത്. പിൽക്കാലത്ത് പ്രസ്തുത സ്ഥാപനമാണ് 'അർജുന നാച്ചുറൽ എക്സ്ട്രാക്ട്സ് ലിമിറ്റഡും', 'അർജുന നാച്ചുറൽ പ്രൈവറ്റ് ലിമിറ്റഡുമായത്'. ഒരു ആയുർവേദ വൈദ്യന്റെ മകനായി ജനിച്ചതിനാലാണ് ജനനം മുതൽ തന്നെ ആയുർവേദം എന്റെ രക്തത്തിലലിഞ്ഞതെന്ന് ഞാൻ കരുതുന്നു. അതു തന്നെയാണ് അർജുനയുടെ ഉത്ഭവത്തിനു കാരണമായതും. ചെറുപ്പം മുതൽ തന്നെ പല അസുഖങ്ങളേയും ഭേദമാക്കുന്നതിനുള്ള ആയുർവേദത്തിന്റെ മാന്ത്രീക ശക്തിയെ കുറിച്ച് കേട്ടുകൊണ്ടായിരുന്നു എന്റെ വളർച്ച. ഇത് എന്നിലുളവാക്കിയ ആശ്ചര്യവും, ആവേശവുമാണ് പിന്നീട് ഇതിനെ കുറിച്ച് കൂടുതൽ മനസ്സിലാക്കുവാനും, ജനങ്ങളെ ഇതിന്റെ ഗുണഫലങ്ങളെ കുറിച്ച് ബോധവൽക്കരിക്കുവാനുമുള്ള വെല്ലുവിളി ഏറ്റെടുക്കുവാനും എനിക്ക് പ്രചോദനമായത്.





arjunanatural.com

**'അർജുന'യുടെ സാരഥി ശ്രീ. പി.ജെ.കുഞ്ഞച്ചൻ മനസ്സുതുറക്കുന്നു...**



"A winning combination of intellectual and industrial strength."




"Our speciality ingredients are the result of supercharging nature through scientific innovation."

ഹിന്ദു പുരാണങ്ങളനുസരിച്ച് ബ്രഹ്മദേവനാണ് പ്രപഞ്ച സൃഷ്ടാവെന്നും, അദ്ദേഹമാണ് മനുഷ്യരെ സൃഷ്ടിച്ചതെന്നും വിശ്വസിക്കപ്പെടുന്നു. മനുഷ്യരെ സൃഷ്ടിച്ചപ്പോൾത്തന്നെ അവർക്ക് രോഗങ്ങളുണ്ടാകുമെന്നു തിരിച്ചറിഞ്ഞ അദ്ദേഹം, രോഗ ശാന്തിക്കുള്ള പ്രതിവിധിയായാണ് ഔഷധ സസ്യങ്ങളേയും, സുഗന്ധ ദ്രവ്യങ്ങളേയും സൃഷ്ടിച്ചതെന്ന് കരുതുന്നു. പിന്നീട് **'വാഗ്ഭടൻ'** രചിച്ച **'അഷ്ടാംഗ ഹൃദയ'** എന്ന ഗ്രന്ഥത്തിൽ ഓരൊ ഔഷധ സസ്യങ്ങളെ കുറിച്ചും അവയ്ക്ക് ഓരോ പ്രത്യേകതരം രോഗങ്ങളെ ഭേദമാക്കുന്നതിനുള്ള മാന്ത്രീക ശക്തി, രോഗ ശാന്തി എന്നിവയെ കുറിച്ചും പരാമർശിച്ചിട്ടുണ്ട്. സുഗന്ധ ദ്രവ്യ – ഔഷധ സസ്യമിശ്രിതങ്ങളെ കുറിച്ചും, ഓരോ തരം രോഗങ്ങളുടേയും ശാന്തിക്കായി ഇവ ഏതളവിലെല്ലാം നൽകണമെന്നും പ്രസ്തുത ഗ്രന്ഥത്തിൽ പ്രതിപാദിക്കപ്പെട്ടിട്ടുണ്ട്. ഭാരതത്തിന്റെ പരമ്പരാഗത ചികിത്സ രീതിയായ ആയുർവേദം, മേൽ പറഞ്ഞ ഔഷധങ്ങളെ പലതരം രോഗങ്ങളുടേയും ചികിത്സക്കായി ഉപയോഗിക്കുന്നു. ഇവയെല്ലാം തന്നെ യാതൊരു വിധ പാർശ്വഫലങ്ങളും ആശങ്കകളുമില്ലാതെ ഉപയോഗിക്കാവുന്നതുമാണ്. എന്നാൽ പാശ്ചാത്യ സംസ്കാരത്തിന്റെ അധിനിവേശത്തോടെ അലോപ്പതി മരുന്നുകളുടെ കടന്നു വരവായി. വളരെ കുറഞ്ഞ സമയത്തിനുള്ളിൽ രോഗങ്ങളെ സുഖപ്പെടുത്തുന്നതിൽ അലോപ്പതി മരുന്നുകൾ വിജയം കൈവരിച്ചു. പിന്നീടാണ് ഇവയുടെ പാർശ്വ ഫലങ്ങളെ കുറിച്ച് ആളുകൾ ബോധവാന്മാരായത്. കാലങ്ങൾ കടന്നു പോകുകയും, തലമുറകൾ മാറി വരികയും ചെയ്തപ്പോൾ ജനങ്ങൾ അലോപ്പതി മരുന്നുകളുടെ പാർശ്വവശങ്ങളെ കുറിച്ച് കൂടുതൽ ബോധവാന്മാരായതിനെ തുടർന്ന് നമ്മുടെ പരമ്പരാഗത ചികിത്സാ രീതിയായ ആയുർവേദത്തിലേക്ക് മടങ്ങുകയാണ് ഉണ്ടായത്. പിന്നീട് ആയുർവേദം ഒരു ഔഷധ ശാഖയായി സംയോജിപ്പിക്കപ്പെടുകയും, ഒരു പഠന ശാഖയായി അംഗീകരിക്കപ്പെടുകയും ചെയ്തു. ഇക്കാര്യങ്ങളെല്ലാം ഉൾക്കൊണ്ടുകൊണ്ടാണ് ഞാൻ അർജുന തുടങ്ങുവാൻ മുൻകൈ എടുത്തത്. ഒരു ബിസിനസ്സ് കാഴ്ചപ്പാടിനുപരിയായി, പിതാവിൽ നിന്നും ലഭിച്ച അറിവ്, ഔഷധ സസ്യങ്ങളുടെ രോഗ ശാന്തി നൽകുവാനുള്ള മാന്ത്രീക ശക്തി എന്നിവയെ കുറിച്ച് സാധാരണക്കാരെ ബോധവാന്മാരക്കണമെന്നതായിരുന്നു എന്റെ ശക്തമായ ആഗ്രഹം.

**അർജുനയുടെ ആരംഭത്തെ കുറിച്ചും, പ്രവർത്തന മേലയെ കുറിച്ചും പറയാമോ?**

അർജുന ഞങ്ങളുടെ കുടുംബത്തിന്റെ ഉടമസ്ഥതയിലുള്ള ബിസിനസ്സാണ്. എന്റെ ഭാര്യാ സഹോദരനായ ഡോക്ടർ. ബെന്നി ആന്റണിയുമായി ചേർന്നാണ് 1989ൽ ഞാൻ അർജുന ആരംഭിച്ചത്. കെമിസ്ട്രിയിൽ പി.എച്ച്.ഡി. ഉള്ള അദ്ദേഹമാണ് അർജുനയുടെ ടെക്നിക്കൽ ബ്രയിൻ. നാച്ചുറൽ പ്രോഡക്ടുകളെ സംബന്ധിച്ച് അദ്ദേഹത്തിനുള്ള അവഗാഹമാണ് അർജുനയുടെ ഏറ്റവും വലിയ മുതൽകൂട്ട്. ഡോ. ബെന്നി ആന്റണി ഇപ്പോൾ അർജുനയുടെ ജോയിന്റ് മാനേജിംഗ് ഡയറക്ടറാണ്. അദ്ദേഹത്തിന്റെ ഭാര്യ, ഡോ.മെറീന ബെന്നി, സീനിയർ വൈസ് പ്രസിഡന്റ് – ന്യൂ പ്രോഡക്ട് ഡവലപ്മെന്റ് ആയും, എന്റെ മകൻ ആന്റണി കുഞ്ഞച്ചൻ, ചീഫ് ഓപ്പറേറ്റിംഗ് ഓഫീസറായും, എന്റെ മരുമകൻ ജോമി ജോസ്, ചീഫ് സപ്ലൈ ചെയിൻ ഓഫീസറായും അർജുനയിൽ പ്രവർത്തിക്കുന്നു.

അർജുനയിൽ ഞങ്ങൾ പ്രധാനമായും ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുന്നത് പ്രകൃതിയിൽ നിന്നും ലഭിക്കുന്ന സുഗന്ധ ദ്രവ്യങ്ങളുടേയും, ഔഷധ സസ്യങ്ങളുടേയും വേർതിരിച്ചെടുക്കപ്പെടുന്ന സത്തുകൾ വിവിധ രോഗങ്ങളുടെ പ്രതിരോധത്തിനായി എങ്ങിനെ ഉപയോഗപ്പെടുത്താം എന്നതിലാണ്. ഒരു ഉത്പന്നം വിപണിയിലിറക്കുന്നതിനുമുമ്പ്, വർഷങ്ങളോളം അതിന്റെ ഗുണഫലങ്ങൾ ഉറപ്പുവരുത്തുന്നതിന് ഞങ്ങളുടെ റിസർച്ച് ആന്റ് ഡവലപ്മെന്റ് വിഭാഗത്തിലെ വിദഗ്ധ സംഘം ഗവേഷണം നടത്തി ഫലങ്ങൾ വിലയിരുത്തി ഉറപ്പാക്കുന്നു. ഇതിനായി, കേന്ദ്ര ഗവണ്മെന്റിന്റെ ഡിപ്പാർട്ടുമെന്റ് ഓഫ് സയൻസ് ആന്റ് ടെക്നോളജിയുടെ അംഗീകാരമുള്ള, അൻപതോളം സയിന്റിസ്റ്റുകൾ ജോലിചെയ്യുന്ന ആർ ആന്റ് ഡി വിഭാഗം അർജുനയ്ക്കുണ്ട്. നിലവിൽ അഞ്ഞൂറോളം ജീവനക്കാർ അർജുനയുടെ വിവിധ ഡിവിഷനുകളിലായി ജോലിചെയ്യുന്നുണ്ട്. എന്റെ ജീവനക്കാരെ സ്വന്തം കുടുബാംഗങ്ങളായാണ് എന്നും ഞാൻ കണക്കാക്കിയിട്ടുള്ളത്. അവർ നൽകിയിട്ടുള്ള നിസീമമായ പിന്തുണയും അവരുടെ ആത്മാർത്ഥതയുമാണ് അർജുനയുടെ ഇന്നത്തെ വളർച്ചക്ക് കാരണമെന്ന് ഞാൻ വിശ്വസിക്കുന്നു. നിലവിൽ അർജുനയ്ക്ക് കേരളത്തിലും തമിഴ്നാട്ടിലുമായി നാലു ഡിവിഷനുകളാണുള്ളത്. തമിഴ്നാട്ടിലെ പെരുന്തുറയിലാരംഭിക്കുന്ന പുതിയ പ്ലാന്റ് അടുത്ത വർഷം ജനുവരിയിൽ കമ്മീഷൻ ചെയ്യപ്പെടും. അതുപോലെതന്നെ, അർജുനയിൽ ഉത്പാദിപ്പിക്കപ്പെടുന്ന എക്സ്ട്രാക്ടുകൾ ഉപയോഗിച്ചുണ്ടാക്കുന്ന ഫുഡ് സപ്ലിമെന്റ് ക്യാപ്സ്യൂളുകൾ നിർമ്മിക്കുന്ന ആലുവ കീഴ്മാടിലുള്ള 'ലീവ് ലോംഗ് ന്യൂട്രാസ്യൂട്ടിക്കത്സ് ലിമിറ്റഡ്', തമിഴ് നാട്ടിലെ സത്യമംഗലത്തുള്ള 'ഹെർബൽ സപ്ലിമെന്റ്സ് പ്രൈവറ്റ് ലിമിറ്റഡ്', മുന്നാർ – കല്ലാറിലുള്ള 'ബയോടെക്ക് പ്ലാന്റേഷൻസ്' എന്നിവ അർജുനയുടെ സഹോദര സ്ഥാപനങ്ങളുമാണ്. ആലുവ ദേശത്ത് നിർമ്മാണം പൂർത്തീകരിച്ചു വരുന്ന അർജുനയുടെ കോർപ്പറേറ്റ് ഓഫീസിന്റെ പണിയും അടുത്ത വർഷം ജനുവരിയിൽ പൂർത്തീകരിക്കപ്പെടുമെന്ന് പ്രതീക്ഷിക്കുന്നു. 125ഓളം അന്താരാഷ്ട്ര പേറ്റന്റുകൾ ഉള്ള അർജുനയുടെ ഉത്പന്നങ്ങൾ 60ഓളം രാജ്യങ്ങളിലേക്ക് കയറ്റുമതി ചെയ്യപ്പെടുന്നുണ്ട്.

**അർജുന വിട്ടാൽ, മറ്റെന്തെല്ലാമാണ് അങ്ങയുടെ മറ്റ് ഹോബികളും, താത്പര്യങ്ങളും?**

അർജുന വിട്ടാൽ, എന്റെ മറ്റൊരു അഭിനിവേശം എന്നത് മൂന്നാറിലെ ഫാമിൽ വാരാന്ത്യങ്ങൾ ചിലവഴിക്കുക എന്നതാണ്. ഫാമിൽ ഏലം, കുരുമുളക്, കാപ്പി തുടങ്ങിയ സുഗന്ധവ്യഞ്ജനങ്ങൾ കൃഷി ചെയ്യുന്നു. വാരാന്ത്യങ്ങൾ പ്രകൃതിയോടൊപ്പം ചിലവിടാനാണ് ഞാൻ മൂന്നാറിലെ ഫാമിലെത്തുന്നത്. കൃഷിക്കു പുറമേ 30 ഓളം വിവിധയിനങ്ങളിലുള്ള പശുക്കളുള്ള ഒരു ഡയറിഫാമും അവിടെയുണ്ട്. ഫാമിൽ നിന്നും ലഭിക്കുന്ന ചാണകമാണ് കൃഷിക്കുള്ള പ്രധാന വളം. സുഗന്ധവ്യഞ്ജനങ്ങളുടേയും, ഔഷധ സസ്യങ്ങളുടേയും സത്തു വേർതിരിച്ചെടുത്തതിനുശേഷമുള്ള ചണ്ടിയും മേൽ പറഞ്ഞ ജൈവ വള നിർമ്മാണത്തിനുപയോഗിക്കുന്നു. ഫാമിലെ ചാണകത്തിൽ നിന്നും ഉത്പാദിപ്പിക്കുന്ന ജൈവവാതകമാണ് അവിടെ പാചകത്തിനുപയോഗിക്കുന്നത്. എന്റെ ഫാമിൽ ജൈവവളങ്ങൾ മാത്രം ഉപയോഗിച്ച്, കീടനാശിനികൾ ഒഴിവാക്കിയാണ് കൃഷി ചെയ്യുന്നത്. പ്രധാനമായും പ്രകൃതിയുമായി ഇണങ്ങിചേർന്ന് പ്രവർത്തിക്കുവാനാണ് ഞാൻ ഇഷ്ടപ്പെടുന്നത്. അർജുനയുടെ കോയമ്പത്തൂർ ഡിവിഷൻ പ്രധാനമായും സൗരോർജ്ജമുപയോഗിച്ചാണ് പ്രവർത്തിക്കുന്നത്.

**അർജുനയിലൂടെ എന്തു സന്ദേശമാണ് അങ്ങ് ബിസിനസ് രംഗത്തേക്ക് കടന്നു വന്നിട്ടുള്ള യങ്ങ് ജനറേഷനു നൽകുവാനുദ്ദേശിക്കുന്നത്?**

പ്രകൃതിയോടുള്ള അഭിനിവേശവും, രക്തത്തിലലിഞ്ഞു ചേർന്നിട്ടുള്ള ആയുർവേദത്തോടുള്ള ആഭിമുഖ്യവും മൂലമുടലെടുത്ത ഒരു ഇച്ഛാശക്തിയാണ് എന്നെ ഈ ബിസിനസ്സിലേക്കെത്തിച്ചത്. പ്രകൃതിദത്തമായ ഉത്പന്നങ്ങളിലൂടെ, രോഗദുരിതങ്ങളില്ലാത്ത, ആരോഗ്യപൂർണ്ണമായൊരു ജീവിതമൊരുക്കിക്കൊണ്ട്, ഒരു ടെൻഷൻ ഫ്രീ ലോകമുണ്ടാക്കുക എന്നതാണ് അർജുനയുടെ പ്രവർത്തന ലക്ഷ്യം. ഈ ലക്ഷ്യം കൈവരിക്കുന്നതിന്, എല്ലാതടസ്സങ്ങളും മറികടന്ന് സ്ഥാപനം സുഗമമായി നടത്തുന്നതിന് എന്റെ കുടുബവും, എന്റെ സഹപ്രവർത്തകരും എന്നെ സഹായിക്കുന്നു. എല്ലാ സംരംഭങ്ങളേയും പോലെ അർജുനയുടേതും ഒരു റോളർ കോസ്റ്റർ റൈഡ് ആയിരുന്നു. ഉയർച്ച-താഴ്ചകൾക്കിടയിലും ശക്തമായ ഇച്ഛാശക്തിയും ടീം വർക്കുമാണ് അർജുനയെ കൂടുതൽ ഉയരങ്ങൾ കീഴടക്കുവാൻ പ്രാപ്തമാക്കിയിട്ടുള്ളത്. ബിസിനസ് രംഗത്തേക്ക് കടന്നു വന്നിട്ടുള്ള യങ്ങ് ജനറേഷനോട് എനിക്ക് പറയുവാനുള്ളത് നിങ്ങൾ ചെയ്യുന്ന ബിസിനസ്സ് എന്തുതന്നെയുമാകട്ടെ, അതിൽ 100% കമ്മിറ്റഡായിരിക്കുക, സ്ഥിരോത്സാഹം ഒരു ജീവിതചര്യയാക്കുക, പരാജയങ്ങൾക്കു മുൻപിൽ അടിപതറാതെ മുൻപോട്ടുതന്നെ പോകുക. ഒരുനാൾ വിജയം നിങ്ങളെ തേടി വരികതന്നെ ചെയ്യും. ■



KSSIA NEWS
NOVEMBER 2023





കേരളീയം
Keraleeyam

# ലോകം ഉറ്റുനോക്കിയ
# കേരളീയം 2023

കേരളീയമെന്ന ആശയത്തെ മലയാളികളുടെ മഹോത്സവമാക്കിയും, കേരളപ്പിറവി മുതലുള്ള ഏഴു പകലിരവുകളെ വരും കാലത്തെ പ്രതീക്ഷയാക്കിയും കേരളീയം 2023ന് ആഹ്ലാദാരവങ്ങളോടെ സമാപനം കുറിച്ചു. കേരളപ്പിറവി ദിനത്തിൽ സാംസ്കാരിക രാഷ്ട്രീയ സാഹിത്യ വ്യാവസായിക ലോകത്തെ പ്രമുഖരെ സാക്ഷിയാക്കി തിരുവനന്തപുരം സെൻട്രൽ സ്റ്റേഡിയത്തിൽ ബഹു. മുഖ്യമന്ത്രി പിണറായി വിജയൻ ആയിരുന്നു 2023 നവംബർ 1ന് പ്രഥമ കേരളീയം വാരാഘോഷത്തിന്റെ ഉദ്ഘാടന കർമം നിർവഹിച്ചത്. കേരളീയത്തെ ലോക ബ്രാൻഡാക്കി മാറ്റി കേരളത്തിന്റെ വികസന മാതൃകകൾ ലോകത്തിനു മുമ്പാകെ അവതരിപ്പിക്കുന്നതിനൊപ്പം ലോക വൈജ്ഞാനിക രംഗത്തു നിന്ന് പുതിയ ആശയങ്ങൾ സ്വാംശീകരിക്കുക എന്നതായിരുന്നു കേരളീയത്തിന്റെ ലക്ഷ്യം.

കേരള മോഡൽ വിദ്യാഭ്യാസം, ആരോഗ്യം, സാമൂഹിക സുരക്ഷ എന്നിങ്ങനെ കേരളം കൈവരിച്ച നേട്ടങ്ങൾ അന്താരാഷ്ട്രതലങ്ങളിൽ വരെ ചർച്ചയായിട്ടുണ്ട്. ഏതൊരു വികസിത രാജ്യവും കൈവരിക്കുന്നതിന് സമാനമായ നേട്ടങ്ങളാണ് കേരളം അടിസ്ഥാന സൗകര്യ വികസനത്തിൽ നേടിയെടുത്തിട്ടുള്ളത്. സാമൂഹിക വികാസത്തിലും വ്യാവസായിക മുന്നേറ്റത്തിലും നൂതനവിദ്യ



സുരജ് എസ്.

രംഗത്തുമെല്ലാം സംസ്ഥാനം കൈവരിച്ച ഈ നേട്ടങ്ങളെ ലോകത്തിനു മുന്നിൽ അവതരിപ്പിക്കേണ്ടതുണ്ട്. ഇതിനുള്ള വേദിയായാണ് കേരളീയം എന്ന പരിപാടി വിഭാവനം ചെയ്തത്. ലോകം ചർച്ച ചെയ്ത കേരള മോഡൽ, കേരളത്തിന്റെ ഭാവി ആവശ്യങ്ങൾ, ഭാവി കേരളം എങ്ങനെ ആയിരിക്കണമെന്ന ആലോചനകൾ, കേരളത്തെ അതിന്റെ സാംസ്കാരികവും തന്മയ ഭാവത്തോടും കൂടെ അവതരിപ്പിക്കൽ തുടങ്ങി വിവിധോദ്ദേശങ്ങളോടെയാണ് കേരളീയം വികസനസാംസ്കാരിക മഹോത്സവം അണിയിച്ചൊരുക്കിയത്.

ആറര പതിറ്റാണ്ട് കൊണ്ട് കേരളം കൈവരിച്ച നേട്ടങ്ങൾ, തനത് കലകൾ, സാംസ്കാരിക വൈവിധ്യങ്ങൾ, ഭക്ഷണങ്ങൾ, കാർഷികോല്പന്നങ്ങൾ, ആരോഗ്യ വിദ്യാഭ്യാസ ക്ഷേമ പ്രവർത്തനങ്ങളിലെ മുന്നേറ്റങ്ങളടക്കം വിവരിച്ച് കേരള ചരിത്രത്തിൽ പുതിയൊരധ്യായം രചിച്ചാണ് ലോകത്തിന് മുന്നിൽ കേരളത്തെ അടയാളപ്പെടുത്തി 'കേരളീയം' ഒന്നാം പതിപ്പിനു 2023 നവംബർ 7ന് സമാപനം കുറിച്ചത്. പങ്കാളിത്തം കൊണ്ടും സംഘാടന മികവ് കൊണ്ടും തലസ്ഥാനം കണ്ട ഏറ്റവും വലിയ ജനകീയ ചടങ്ങായി മാറിയ കേരളീയത്തിന്റെ സമാപനം അടുത്ത കേരളപ്പിറവി ദിനത്തിൽ കൂടുതൽ മിഴിവോടെ വീണ്ടും കാണും എന്ന ഉറപ്പോടു കൂടിയാണ്. കേരളപ്പിറവി ദിനം മുതൽ ഏഴ് ദിവസങ്ങളിൽ തലസ്ഥാനത്തെ വിവിധ വേദികളിലായി നടന്ന നിരവധി പരിപാടികളിലേക്ക് കേരളമൊന്നടങ്കം ഒഴുകിയെത്തുകയായിരുന്നു. വിവിധ വിഷയങ്ങളിലുള്ള 25 സെമിനാറുകളോടൊപ്പം, സമസ്ത മേഖലകളെയും അടയാളപ്പെടുത്തുന്ന പ്രദർശനങ്ങളും ഭക്ഷ്യ പുഷ്പ കലാ മേളകളുമെല്ലാം മലയാളികൾ ഹൃദയത്തോട് ചേർത്തു. ഓരോ ദിവസവും ലക്ഷങ്ങളാണ് കേരളീയത്തിന്റെ ഭാഗമാകാൻ തലസ്ഥാനത്ത് വിവിധ വേദികളിലെത്തിയത്.



KSSIA NEWS
NOVEMBER 2023

# കരുത്തുറ്റ കേരളം, എട്ടുവേദികളിലായി നാന്നൂറിലേറെ സ്റ്റാളുകൾ

തിരുവനന്തപുരത്തു എട്ടുവേദികളിലായി നാന്നൂറിലേറെ സ്റ്റാളുകളാണ് കേരളീയത്തിന്റെ ഭാഗമായി ട്രേഡ് ഫെയറിനായി ഒരുക്കിയിരുന്നത്. 2023 നവംബർ ഒന്നു മുതൽ ഏഴു വരെ സംഘടിപ്പിക്കുന്ന കേരളീയത്തോടനുബന്ധമായി പുത്തരിക്കണ്ടം, സെൻട്രൽ സ്റ്റേഡിയം, കനകക്കുന്ന്, യൂണിവേഴ്സിറ്റി കോളേജ്, ടാഗോർ തിയേറ്റർ, എൽ.എം.എസ്, ഇൻസ്റ്റിട്യൂഷൻ ഓഫ് എൻജിനീയേഴ്സ് ഹാൾ, വിമൻസ് കോളേജ് എന്നീ എട്ടു വേദികളിലായാണ് വ്യവസായ വാണിജ്യ പ്രദർശന മേള സംഘടിപ്പിച്ചത്.

പുത്തരിക്കണ്ടത്ത് ബാംബൂവിന്റെയും വ്യാവസായി കോത്പന്നങ്ങളുടെയും പ്രദർശന വിപണനമേള, സെൻട്രൽ സ്റ്റേഡിയത്തിൽ പരമ്പരാഗത ഉത്പ ന്നമായ കയർ, കൈത്തറി പ്രദർശ വിപണന മേള, കനകക്കുന്നിൽ കുടുംബശ്രീയുടെ ഉത്പന്ന പ്രദർശന വിപണന മേള, യൂണിവേഴ്സിറ്റി കോളേജിൽ എത്നിക് ട്രേഡ് ഫെയർ, ടാഗോർ തിയേറ്ററിൽ ഉത്പന്ന പ്രദർശ വിപണന മേള, എൽ.എം.എസ് കോമ്പൗണ്ടിൽ കാർഷിക ഉത്പന്ന പ്രദർശ വിപണന മേള, ഇൻസ്റ്റിട്യൂഷൻ ഓഫ് എൻജിനീയേഴ്സ് ഹാളിൽ ടോയ്സ് ആൻഡ് പ്രസന്റേഷൻ ഉത്പ്ന്നങ്ങളുടെ പ്രദർശന വിപണന മേള, വിമൻസ് കോളേജിൽ ഫ്ളി മാർക്കറ്റ് എന്നിങ്ങനെയാണ് മേള ഒരുക്കിയിരുന്നത്. വിവിധ ജില്ലകളിൽ നിന്നായി ആകെ 425 സംരംഭകരാണ് ട്രേഡ് ഫെയറിൽ ഭാഗഭാക്കായത്.

2023 നവംബർ ഒന്നു മുതൽ ഏഴു വരെ രാവിലെ 10 മണി മുതൽ രാത്രി 10 മണി വരെ സൗജന്യ പ്രവേശനത്തോടെയാണ് പുത്തരിക്കണ്ടം മൈതാനത്ത് വ്യവസായ വാണിജ്യ വകുപ്പിന്റെ



ട്രേഡ് ഫെയർ സംഘടിപ്പിച്ചത്. തുണിത്തരങ്ങൾ, കാർഷിക ഭക്ഷ്യ സംസ്ക്കരണ മൂല്യവർദ്ധിത ഉത്പന്നങ്ങൾ, കയർ കൈത്തറി ഉത്പന്നങ്ങൾ, ആയുർവേദ ഉത്പന്നങ്ങൾ, റബർ അധിഷ്ഠിത ഉത്പന്നങ്ങൾ, കരകൗശല ഉത്പന്നങ്ങൾ, മുള ഉത്പന്നങ്ങൾ, ഗാർഹിക ഉത്പന്നങ്ങൾ, സൗരോർജത്തിൽ പ്രവർത്തിക്കുന്ന ഉത്പന്നങ്ങൾ തുടങ്ങി വ്യത്യസ്തങ്ങളായ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭകരുടെ ഉത്പന്നങ്ങൾ മേളയിൽ അണിനിരത്തിയിരുന്നു. സംരംഭകരിൽനിന്ന് ഉത്പന്നങ്ങൾ നേരിട്ടു വാങ്ങാനും അവസരമൊരുക്കിയിരുന്നു. മേളയുടെ ഭാഗമായി വ്യവസായ വാണിജ്യ വകുപ്പിന്റെ ആഭിമുഖ്യത്തിൽ വ്യവസായ വാണിജ്യ വകുപ്പിന്റെ ബിസിനസ് ടു ബിസിനസ് മീറ്റും സംഘടിപ്പിച്ചിരുന്നു. കൂടാതെ സംരംഭകർക്കും പൊതുജനങ്ങൾക്കുമായി വിവിധ പദ്ധതികളെ കുറിച്ച് സെമിനാറുകളും മേളയുടെ ഭാഗമായി സംഘടിപ്പിച്ചു.

മലയാളികളുടെ മഹോത്സവം എന്ന വിശേഷണത്തോടെ കേരളീയം 2023 കവടിയാർ മുതൽ കിഴക്കേകോട്ട വരെ 8 വേദികളിലായി നവംബർ 1 മുതൽ 7 വരെ ഒരാഴ്ചക്കാലം തലസ്ഥാനത്തു ഉത്സവഛായ തീർക്കുകയായിരുന്നു. കേരളം കൈവരിച്ച നേട്ടങ്ങളെയും വിവിധ മേഖലകൾ നേരിടുന്ന പ്രശ്നങ്ങളെയും മുന്നോട്ടുള്ള സാധ്യതകളെയുംക്കുറിച്ചുള്ള സംവാദങ്ങളും, തനത് വിഭവങ്ങളെയും സാംസ്കാരിക പൈതൃകത്തെയും കാർഷികവ്യവസായ പുരോഗതിയെയും നൂതന സാങ്കേതികവിദ്യ രംഗത്തെ നേട്ടങ്ങളെയും വിളിച്ചറിയിക്കുന്ന പ്രദർശനങ്ങളും ബിസിനസ് മീറ്റുകൾ, ട്രേഡ് ഫെയർ, ഭക്ഷ്യമേള, ചലച്ചിത്രമേള, കലാപരിപാടികൾ എന്നിവയും കേരളീയത്തിന്റെ ഭാഗമായി സംഘടിപ്പിക്കപ്പെട്ടു. കേരളത്തിന്റെ വിവിധ മേഖലകളെ ദൃശ്യവൽക്കരിക്കുന്ന 22 പ്രദർശനങ്ങൾ, 30 വേദികളിലായി 4100 കലാകാരന്മാർ പങ്കെടുത്ത 300 കലാപരിപാടികൾ എന്നിവ കേരളീയത്തിന്റെ ആകർഷണമായിരുന്നു.

## എം.എസ്.എം.ഇ. കൾക്ക് വിപണനസാധ്യത തുറന്നു നൽകി ബിടുബി മീറ്റ്



രാജ്യ സാമ്പത്തിക വളർച്ചയുടെ എഞ്ചിൻ എന്നാണ് സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങളെ (എംഎസ്എംഇ) വിശേഷിപ്പിക്കുന്നത്. 'കേരളീയം' പരിപാടിയുമായി ബന്ധപ്പെട്ട് ട്രേഡ് ഫെയറിൽ പങ്കെടുക്കുന്ന എംഎസ്എംഇകളുടെ ബിസിനസ് ടു ബിസിനസ് മീറ്റിന്റെ ഉദ്ഘാടനം 2023 നവംബർ 2ന് പുത്തരിക്കണ്ടം മൈതാനത്ത് ബഹു. നിയമ, വ്യവസായ, കയർ വകുപ്പ് മന്ത്രി പി.രാജീവ് നിർവഹിച്ചു.

ടൂറിസം, ഹോസ്പിറ്റാലിറ്റി, ആരോഗ്യം തുടങ്ങിയ വിവിധ മേഖലകളിലെ കേരളത്തിന്റെ മുന്നേറ്റം ലോകത്തിന് പരിചയപ്പെടുത്തുകയും എം.എസ്.എം.ഇ. കൾക്ക് ദേശീയ, അന്തർ ദേശീയ വിപണി സാധ്യത ഉറപ്പുവരുത്തുകയുമായിരുന്നു മീറ്റിന്റെ പ്രധാന ലക്ഷ്യം.

സംസ്ഥാനത്തിന്റെ പുറത്തുനിന്ന് എത്തുന്നവർക്ക് കേരളത്തിലെ ഉത്പന്നങ്ങൾ പരിചയപ്പെടാനും സംരംഭകരുമായി കൂടിക്കാഴ്ച നടത്താനും അവസരമൊരുക്കിയിരുന്നു. സംരംഭകർക്ക് വ്യവസായ ബന്ധങ്ങൾ സ്ഥാപിക്കുക, പുതിയ അവസരങ്ങൾ ലഭ്യമാക്കുക, മികച്ച സാങ്കേതിക വിദ്യയിലേക്കും വിഭവശേഷിയിലേക്കുമുള്ള അവസരങ്ങൾ തുറന്നിടുക, വിപണി സാധ്യതകൾ വിപുലീകരിക്കുക തുടങ്ങിയവ ബിടുബി മീറ്റിലൂടെ സാധ്യമാക്കാൻ വ്യവസായ വാണിജ്യ വകുപ്പിന് സാധിച്ചു.

## എംഎസ്എംഇകളുടെ പ്രവർത്തന മൂലധന പ്രതിസന്ധി മറികടക്കാൻ ട്രെഡ്സ്




സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾ (എംഎസ്എംഇ) നേരിടുന്ന പ്രവർത്തന മൂലധന പ്രതിസന്ധി മറികടക്കാൻ കഴിയുന്ന സംവിധാനമാണ് ട്രേഡ് റിസീവബിൾ ഇലക്ട്രോണിക് ഡിസ്കൗണ്ടിങ് സിസ്റ്റം (TREDS). വ്യാപാരത്തിൽ നിന്ന് ലഭിക്കുന്ന തുക ലിക്വിഡ് ഫണ്ടുകളാക്കി മാറ്റതിന് സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾ നേരിടുന്ന തടസ്സങ്ങൾ പരിഹരിക്കുന്നതിനായാണ് ട്രേഡ് റിസീവബിൾസ് ഡിസ്കൗണ്ടിംഗ് സിസ്റ്റം (ട്രെഡ്സ്) രൂപീകരിച്ചത്. കൃത്യസമയത്ത് സംരംഭകർക്ക് പണമിടപാട് നടത്തുന്നതിനും ക്രെഡിറ്റ് റിസ്ക് പരമാവധി കുറയ്ക്കുന്നതിനും ഈ ഓൺലൈൻ പ്ലാറ്റ്ഫോമിലൂടെ സാധിക്കും. സംരംഭകർക്ക് 'ട്രെഡ്സിനെ' പരിചയപ്പെടുത്തുന്നതിനും സംശയ നിവാരണങ്ങൾക്കുമായുള്ള ട്രെഡ്സ് ശില്പശാല കേരളീയം പരിപാടിയുടെ ഭാഗമായി 2023 നവംബർ 4ന് വ്യവസായ വാണിജ്യ വകുപ്പിന്റെ ആഭിമുഖ്യത്തിൽ പുത്തരിക്കണ്ടം മൈതാനത്ത് ബഹു. നിയമ, വ്യവസായ, കയർ വകുപ്പ് മന്ത്രി പി.രാജീവ് ഉദ്ഘാടനം ചെയ്തു.

പൊതുമേഖലാ സ്ഥാപനങ്ങൾ, കമ്പനികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സർക്കാരുമായി ബന്ധപ്പെടുന്ന വിവിധ സ്ഥാപനങ്ങൾ എന്നിവയ്ക്ക് ട്രെഡ്സ് ഉപയോഗിക്കുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ട്. പുതിയ കാലത്തിന്റെ എംഎസ്എംഇകൾക്ക് മുന്നോട്ട് പോകുന്നതിൽ ഈ സംവിധാനം സഹായകമായിരിക്കും. നിരവധി സ്ഥാപനങ്ങൾ ഇതിനോടകം ട്രെഡ്സിൽ രജിസ്റ്റർ ചെയ്ത് കഴിഞ്ഞിട്ടുണ്ട്. വൻകിട വ്യവസായത്തേക്കാൾ കൂടുതൽ സാധ്യതകളുള്ള കേരളത്തിലെ പ്രധാനപ്പെട്ട എംഎസ്എംഇ വ്യവസായ മേഖലക്ക് കാലതാമസം കൂടാതെ പ്രവർത്തന മൂലധനം ലഭ്യമാക്കാൻ ട്രെഡ്സ് സഹായകമാകും.

## എം.എസ്.എം.ഇ. ഉത്പന്നങ്ങൾക്ക് മികച്ച വിപണി ലഭ്യമാക്കാൻ ഒഎൻഡിസി പ്ലാറ്റ്ഫോം



ഓപ്പൺ നെറ്റ്‌വർക്ക് ഫോർ ഡിജിറ്റൽ കൊമേഴ്സ് (ഒഎൻഡിസി) എന്നത് ഓപ്പൺ സോഴ്സ് അടിസ്ഥാനപ്പെടുത്തിക്കൊണ്ട് ഉൽപന്നങ്ങൾ വിൽക്കാനും വാങ്ങാനും സഹായിക്കുന്ന സംവിധാനമാണ്. ഇതിൽ രജിസ്റ്റർ ചെയ്യുന്ന സംരംഭങ്ങൾക്ക് തങ്ങളുടെ ഉൽപ്പന്നങ്ങൾ വിവിധ ഇ കൊമേഴ്സ് പ്ലാറ്റ്ഫോമുകളിലൂടെ ലഭ്യമാക്കാൻ സാധിക്കും. ഇതിനുള്ള സാങ്കേതിക സഹായം ഒ.എൻ. ഡി.സി ലഭ്യമാക്കും. സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങളെ (എംഎസ്എംഇ) ഒഎൻഡിസി പ്ലാറ്റ്ഫോമിൽ കൊണ്ടുവരുന്നതിലൂടെ പ്രാദേശിക ഉത്പന്നങ്ങൾക്ക് മികച്ച വിപണി ഉറപ്പാക്കാൻ സാധിക്കും. കേരളീയം പരിപാടിയുടെ ഭാഗമായി വ്യവസായ വാണിജ്യ വകുപ്പിന്റെ ആഭിമുഖ്യത്തിൽ പുത്തരിക്കണ്ടം മൈതാനത്ത് 2023 നവംബർ 5ന് സംഘടിപ്പിച്ച 'ഓപ്പൺ നെറ്റ്വർക്ക് ഫോർ ഡിജിറ്റൽ കൊമേഴ്സ് ശില്പശാല' ബഹു. നിയമ, വ്യവസായ, കയർ വകുപ്പ് മന്ത്രി പി.രാജീവ് ഉദ്ഘാടനം ചെയ്തു. സംരംഭകരുടെ അറിവിലേക്ക് വെളിച്ചമോതിയ ശില്പശാലയിൽ ചോദ്യോത്തര വേളയിലെ പൊതുജന പങ്കാളിത്തം ശ്രദ്ധേയമായിരുന്നു.

## നിക്ഷേപം ആകർഷിക്കാൻ വ്യവസായ പോർട്ടലുകൾ

നിക്ഷേപം ആകർഷിക്കുന്നതിനും ഉത്തരവാദിത്ത വ്യവസായം പ്രോത്സാഹിപ്പിക്കുന്നതിനുമായി വ്യവസായ വാണിജ്യ വകുപ്പ് രണ്ട് പോർട്ടലുകൾ ആരംഭിച്ചു. കേരളീയത്തിൻറെ ഭാഗമായി പുത്തരിക്കണ്ടം മൈതാനത്ത് നടന്ന ചടങ്ങിൽ ബഹു. നിയമ, വ്യവസായ, കയർ വകുപ്പ് മന്ത്രി പി.രാജീവ് വെബ് പോർട്ടൽ ഉദ്ഘാടനം ചെയ്തു.

കേരളത്തിൽ നിക്ഷേപം നടത്താൻ ആഗ്രഹിക്കുന്നവർക്ക് എന്തെല്ലാം വിവരങ്ങൾ ആവശ്യമാണോ അതെല്ലാം ഒരു സൈറ്റിൽ തന്നെ ഉപഭോക്തൃ സൗഹൃദമായി ഇൻവെസ്റ്റ് കേരള പോർട്ടലിൽ (invest.kerala.gov.in) ക്രമീകരിച്ചിരിക്കുന്നു. സംരംഭം ആരംഭിക്കുന്നതിനും സുഗമമായി



മുന്നോട്ട് കൊണ്ടുപോകുന്നതിനും ഇത് സഹായകമാണ്. നിക്ഷേപവുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളിലും സംരംഭകർക്ക് സഹായം ലഭിക്കുന്നതിനും സംശയങ്ങൾക്ക് മറുപടി ലഭിക്കുന്നതിനും ഇതിലൂടെ സാധിക്കും.

2023 ലെ കേരള വ്യാവസായിക നയത്തിൽ പ്രഖ്യാപിച്ച ഉത്തരവാദിത്ത നിക്ഷേപം ഉത്തരവാദിത്ത വ്യവസായം പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായാണ് കേരള റെസ്പോൺസിബിൾ ഇൻഡസ്ട്രി ഇൻസെൻറീവ് സ്കീം പോർട്ടൽ (kriis.kerala.gov.in) വികസിപ്പിച്ചിട്ടുള്ളത്. ഇവിടെയുള്ള മനുഷ്യ വിഭവശേഷി ഉപയോഗിക്കാനുതകുന്ന വ്യവസായങ്ങൾക്കാണ് കേരളത്തിൽ മുൻഗണന. അത്തരം വ്യവസായങ്ങൾക്ക് പ്രത്യേക ഇൻസെൻറ്റീവ്സ് നൽകാൻ കഴിയുംവിധമാണ് പോർട്ടലുകൾ വികസിപ്പിച്ചിരിക്കുന്നത്. ഇതിലൂടെ നിക്ഷേപകർക്ക് വ്യവസായ പ്രോത്സാഹന പദ്ധതികൾ പ്രയോജനപ്പെടുത്താൻ സാധിക്കും. രണ്ട് പോർട്ടലുകളും കേരളത്തിൻെറ വ്യവസായ വളർച്ചയിൽ മുതൽക്കൂട്ടാകുമെന്നും കേരളത്തിലെ സംരംഭക സമൂഹം മികച്ച രീതിയിൽ ഈ അവസരം ഉപയോഗിക്കുമെന്നുമാണ് പ്രതീക്ഷ. ■





# കേരളത്തിലെ ആദ്യത്തെ സ്വകാര്യ വ്യവസായ പാർക്ക്:

## കെ.എസ്.എസ്.ഐ.എ. യുടെ നേതൃത്വത്തിൽ ആരംഭിക്കുന്ന ഫെതർ ലൈക്ക് ഫോം പ്രൈവറ്റ് ലിമിറ്റഡിന്റെ ഉദ്ഘാടനം ബഹു. വ്യവസായ നിയമ കയർ വകപ്പ് മന്ത്രി പി. രാജീവ് നിർവ്വഹിച്ചു

പാലക്കാട് ജില്ലയിൽ കേരളത്തിലെ ആദ്യത്തെ സ്വകാര്യ വ്യവസായ പാർക്ക്, കെ.എസ്.എസ്.ഐ.എ. യുടെ നേതൃത്വത്തിൽ ആരംഭിക്കുന്ന ഫെതർ ലൈക്ക് ഫോം പ്രൈവറ്റ് ലിമിറ്റഡിന്റെ ഉദ്ഘാടനം ബഹു. വ്യവസായ നിയമ കയർ വകപ്പ് മന്ത്രി പി. രാജീവ് നിർവ്വഹിച്ചു. സംസ്ഥാന പ്രസിഡന്റ് എ.നിസാറുദ്ദീൻ അദ്ധ്യക്ഷത വഹിച്ചു. ബഹു. വൈദ്യുതി വകുപ്പ് മന്ത്രി കെ.കൃഷ്ണൻ കുട്ടി മുഖ്യ പ്രഭാഷണം നടത്തി. എക്സിക്യൂട്ടിവ് ഡയറക്ടർ കെ.എം. ഖാലീദ് സ്വാഗതം പറഞ്ഞു. മാനേജിങ്ങ് ഡയറക്ടർ വി.എ. മുഹമ്മദ് ബാവ റിപ്പോർട്ട് അവതരിപ്പിച്ചു. വി.കെ. ശ്രീധരൻ എം.പി., എ. പ്രഭാകരൻ എം.എൽ.എ, എ.പി.എം. മുഹമ്മദ് ഹനീഷ് ഐ.എ.എസ്, (പ്രിൻസിപ്പൽ സെക്രട്ടറി ഇൻഡസ്ട്രീസ്, ഫാമിലി വെൽഫെയർ ആന്റ് ഹെർത്ത്), എന്നിവർ പ്രത്യേക പ്രഭാഷണം നടത്തി. വി.കെ.സി. മമ്മദ്കോയ Ex. എം.എൽ.എ., ശ്രീമതി എൻ. പ്രസീത, പുതുശ്ശേരി ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ്, സജി.എസ്, ജനറൽ മാനേജർ ജില്ലാ വ്യവസായ കേന്ദ്രം, പാലക്കാട്, ടി.വി.മമ്മു, കെ.എസ്.എസ്.ഐ.എ. പാലക്കാട് ജില്ല പ്രസിഡന്റ് ശ്രീമതി. സുനിത രവീന്ദ്രൻ, പുതുശ്ശേരി പഞ്ചായത്ത് വാർഡ് മെമ്പർ എന്നിവർ ആശംസകൾ അർപ്പിച്ചു. കെ.എം. ഷംസുദ്ദീൻ (ചെയർമാൻ) നന്ദി പറഞ്ഞു.

നവകേരളത്തിലെ ആദ്യ സ്വകാര്യ വ്യവസായ പാർക്ക് പാലക്കാട് ജില്ലയിൽ പ്രവർത്തനം ആരംഭിച്ചു. കെ.എസ്.എസ്.ഐ.എ. അംഗങ്ങളുടെ ഒരു കൂട്ടായ്മ കൊണ്ടാണ് ഈ പാർക്ക് പെട്ടെന്ന് തന്നെ പ്രവർത്തനം ആരംഭിക്കാൻ സാധിച്ചത്. കെ.എസ്.എസ്.ഐ.എ. യിലെ മെമ്പർമാർ തന്നെയാണ് ഫെതർ ലൈക്ക് ഫോം പ്രൈവറ്റ് ലിമിറ്റഡിന്റെയും അംഗങ്ങൾ. കനാൽ പിരിവിലാരംഭിച്ച ഫെദർ ലൈക്ക് ഫോം പ്രൈവറ്റ് പാർക്കിൽ 3 വർഷത്തിനുള്ളിൽ 100 കോടി രൂപയുടെ വിറ്റുവരവാണ് ചുരുങ്ങിയതായി പ്രതീക്ഷിക്കുന്നത്. രജിസ്റ്റർ ചെയ്ത് 9 മാസത്തിനുള്ളിൽ മെഷിനറികൾ ഉൾപ്പടെ എത്തിച്ചു കൊണ്ട് ഇ.പി.എഫ്. ഫോം ഷീറ്റ് നിർമ്മാണ യൂണിറ്റ് ആരഭിച്ചതിനൊപ്പം രണ്ടാമത്തെ യൂണിറ്റിന്റെ തറക്കല്ലിടലും നിർവ്വഹിച്ചു. കേരളത്തിലെ നൂറിലധികം മാട്രസ് യൂണിറ്റുകളും, പാക്കേജിങ്ങ്, ഫർണിഷിങ്ങ് യൂണിറ്റുകളും ഉപയോഗിക്കുന്ന അസംസ്കൃത വസ്തുക്കൾ ഈ പാർക്കിൽ നിർമ്മിക്കാനാണ് കമ്പനികൾ ശ്രമിക്കുന്നത്. ഇതിനൊപ്പം പുതുതായി ആരംഭിക്കുന്ന ലോ ഫോം, നോൺ വീവൺ ഫാബ്രിക് എന്നീ ഉല്പന്നങ്ങൾ കയറ്റുമതിക്കും സാദ്ധ്യതയുള്ളവയാണ്. സ്വകാര്യ വ്യവസായ പാർക്കുകൾ സ്ഥാപിച്ചു കൊണ്ട് സംസ്ഥാനത്തിന്റെ സമ്പത്ത് വ്യവസ്ഥയ്ക്ക് പുത്തൻ ഉണർവ്വ് നൽകുക എന്ന ഇടതുപക്ഷ ജനാതിപത്യ മുന്നണിയുടെ പ്രകടന പത്രികയിലെ മറ്റൊരു വാഗ്ദാനം കൂടിയാണ് നാം ഇന്ന് സാക്ഷാത്കരിച്ചിരിക്കുന്നത്. ■



ഫെതർ ലൈക്ക് ഫോം പ്രൈവറ്റ് ലിമിറ്റഡിന്റെ ഉദ്ഘാടനം ബഹു. വ്യവസായ നിയമ കയർ വകപ്പ് മന്ത്രി പി. രാജീവ് നിർവ്വഹിച്ച് കൊണ്ട് സംസാരിക്കുന്നു.



സംസ്ഥാന പ്രസിഡന്റ് എ. നിസാറുദ്ദീൻ അദ്ധ്യക്ഷ പ്രസംഗം നടത്തുന്നു.

KSSIA NEWS
NOVEMBER 2023

# നവ കേരളം: വ്യവസായ വികസന കേരളം. അതായിരിക്കട്ടെ നമ്മുടെ മുദ്രവാക്യം



എസ്. ഹരി കിഷോർ ഐ.എ.എസ്

കേരളത്തിന്റെ പെരുമ ലോകത്തെ അറിയിച്ച കേരളീയം ഭാവിയിലേക്കുള്ള വ്യവസായ സാദ്ധ്യതകൾ തുറന്നിട്ടു. സാംസ്കാരിക വിനിമയ പരിപാടി എന്നതിനൊപ്പം സംസ്ഥാന ചരിത്രത്തിലെ ഏറ്റവും വലിയ ട്രേഡ് ഫെയർ കൂടിയായി മാറി കേരളീയം. വ്യാവസായിക മേഖലയിലും ഭക്ഷ്യോല്പന്ന വിപണിയിലും പ്രശംസനീയമായ നേട്ടമാണ് കേരളീയം തീർത്തിരിക്കുന്നത്. 8 വേധികളിൽ 434 സ്റ്റാളുമായി നടന്ന കേരളീയത്തിന്റെ ട്രേഡ് ഫെയറിലേക്ക് ലക്ഷകണക്കിനാളുകളാണ് എത്തിയത്. വന്നവരൊക്കെയും ഒരു ചെറു ഉല്പന്നമെങ്കിലും വാങ്ങാൻ മറന്നുമില്ല. ഈ മികച്ച ജനപങ്കാളിത്തം ഭാവി കേരളീയങ്ങൾക്കുള്ള ഊർജ്ജമാണ്. വരും കേരളീയങ്ങളിൽ വ്യവസായ-വാണിജ്യ മേഖലയിൽ നിന്നുള്ള പ്രാതിനിധ്യം വർദ്ധിക്കുമെന്ന് ഉറപ്പായി കഴിഞ്ഞു.




വരും നാളുകളിൽ കേരളത്തിന്റെ സ്വന്തം ഉല്പന്നങ്ങൾക്ക് ആഗോള വിപണി കണ്ടെത്താനായി ആവിഷ്കരിച്ച കേരള ബ്രാൻഡിൽ കൂടുതൽ ഉല്പന്നങ്ങൾ അവതരിപ്പിക്കാനുള്ള നടപടി പുരോഗമിക്കുകയാണ്. ഈ ശ്രമത്തെ പ്രോത്സാഹിപ്പിക്കുന്നതിനാണ് കേരളീയത്തിന്റെ ഭാഗമായി ട്രേഡ്ഫെയർ സംഘടിപ്പിച്ചത്. ഈ വ്യാപാര മേളയിൽ പങ്കെടുത്ത എം.എസ്.എം.ഇ. കൾക്ക് നെറ്റ് വർക്കും ബിസിനസ് ബന്ധങ്ങളും കെട്ടിപ്പടുക്കുന്നതിനും കൈമാറുന്നതിനും അവസരമൊരുങ്ങി എന്നതും പ്രത്യേകതയാണ്.

ട്രേഡ് ഫെയർ കമ്മിറ്റിയുടെ നേതൃത്വത്തിൽ 8 വേദികളിൽ 434 സ്റ്റാളുകളിൽ നടന്ന ഫെയറിൽ 600 ലധികം സംരംഭകരാണ് പങ്കാളികളായത്. യുണിവേഴ്സിറ്റി കോളേജിൽ എത്നിക് ട്രേഡ് ഫെയറും ടാഗോർ തിയേറ്ററിൽ സഹകരണ മേഖലയിൽ നിന്നുള്ള ഉല്പന്നവും കനകക്കുന്നിൽ കുടുംബശ്രീ ട്രേഡ് ഫെയറും സെൻട്രൽ സ്റ്റേഡിയത്തിൽ കെത്തറി ഉല്പന്നങ്ങളും പുത്തരിക്കണ്ടം മൈതാനത്ത് എം.എസ്.എം.ഇ. ഉല്പന്നങ്ങളും എൽ.എം.എസ്. കോമ്പൗണ്ടിൽ കാർഷിക ഉല്പന്നങ്ങളുടെ വില്പന എന്നിങ്ങനെയാണ് മേള ഒരുക്കിയത്. 8 വേദികളിലൂടെ 7 ദിവസത്തിനുള്ളിൽ 1,91,28909 രൂപയുടെ വില്പനയാണ് നടന്നത്. ബിസിനസ് ടു ബിസിനസ് മീറ്റിൽ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് സംരംഭകരെ പങ്കെടുപ്പിക്കാനും അവരെ പ്രാദേശിക സംരംഭകരുമായി ബന്ധിപ്പിക്കാനും സാധിച്ചു.



പത്തിലേറെ വകുപ്പുകളുടെയും സ്വകാര്യ പങ്കാളിത്തത്തോടെയും ഉല്പന്നങ്ങളിൽ വൈവിധ്യം കൊണ്ടുവരാനും സാധിച്ചത് നേട്ടമാണ്. വേദികൾ തീം അടിസ്ഥാനമാക്കിയുള്ളതായതിനാൽ വ്യാപാരമേള, പ്രദർശനം, ഭക്ഷ്യമേള തുടങ്ങിയവയിലേക്ക് ജനം ഒഴുകിയെത്തി. കേരളത്തെ ഷോക്കേസ് ചെയ്യുന്ന കേരളീയത്തിൽ വ്യത്യസ്തമായൊരു ട്രേഡ് ഫെയറാണ് വ്യവസായ വകുപ്പിന്റെ നേതൃത്വത്തിൽ പുത്തരിക്കണ്ടം മൈതാനത്തിൽ ഒരുക്കിയിരുന്നത്. പൊതു-സ്വകാര്യ മേഖലകളിൽ നിന്നും ഉൾപ്പടെയുള്ള 120 സംരംഭങ്ങളാണ് വിപണനമേളയിൽ പുത്തരിക്കണ്ടത്ത് മാത്രമായി ഉണ്ടായിരുന്നത്. ഭക്ഷ്യസംസ്ക്കരണം, തടി/കരകൗശല വസ്തുക്കൾ, ആയുർവേദം, മരുന്നുകൾ, ശുചിത്വ പരിപാലന വസ്തുക്കൾ, അടുക്കള സാധനങ്ങൾ, തേൻ, അഗ്രോ ഫുഡ്, പേപ്പർ ഉത്പന്നങ്ങൾ ഹാൻഡ്‌ലൂം ഫർണിച്ചർ, സൗന്ദര്യ വർദ്ധക വസ്തുക്കൾ, ബാംബൂ ഉത്പന്നങ്ങൾ, റെക്സിൻ, ലെതർ ഉത്പന്നങ്ങൾ, ലീഫ് പ്ലേറ്റുകൾ, മൺ പാത്രങ്ങൾ, കൈത്തറി ഖാദി ഉത്പന്നങ്ങൾ, മെഡിക്കൽ വെൽനെസ് ഉത്പന്നങ്ങൾ, തുണിത്തരങ്ങൾ, കെമിക്കൽ ഉത്പന്നങ്ങൾ, വളം നിർമ്മാണം, സോപ്പു നിർമ്മാണം തുടങ്ങിയ വ്യത്യസ്ത സംരംഭങ്ങളുടെ പ്രദർശനവും വില്പനയും മേളയിലുണ്ടായി. ഇവയിൽ ഭൂരിഭാഗവും യുവ, സ്ത്രീ സംരംഭകർ, കൂട്ടായ്മകൾ എന്നിവയുടെ നേതൃത്വത്തിൽ വിജയകരമായി നടക്കുന്ന സ്ഥാപനങ്ങളായിരുന്നു.



ബി 2 ബി മീറ്റുകളിലൂടെ കേരളത്തിലെ കമ്പനികൾക്ക് മികച്ച ട്രേഡ് ഉറപ്പാക്കി. നൂറിലധികം പ്രമുഖ വ്യവസായികളാണ് കേരളത്തിനകത്തും പുറത്തും നിന്ന് നമ്മുടെ നാട്ടിലെ എം.എസ്.എം.ഇ. കളിൽ നിന്ന് ഉല്പന്നങ്ങൾ വാങ്ങാനായി എത്തിയത് നിരവധി യുവാക്കൾ വ്യവസായ സ്റ്റാളുകളിലേക്കെത്തിയത്. വളർന്നുവരുന്ന തലമുറയിൽ നമ്മുടെ നാട്ടിലെ വ്യാവസായികാന്തരീക്ഷത്തെക്കുറിച്ച് വളരെ പോസിറ്റീവായ ചിന്ത ഉണ്ടാകുന്നതിനും സഹായകമാകും. ബിസിനസ് ടൂ ബിസിനസ് മീറ്റ്, അട്ടപ്പാടി കാർഷിക സഹകരണ സംഘത്തിന്റെ റോബസ്റ്റ കോഫി പോലുള്ള പുതിയ ഉല്പന്നങ്ങളുടെ ലോഞ്ചുകൾ, ലൈവേ പ്രദർശനങ്ങൾ, മറയൂർ ശർക്കര, പൊക്കാളി അരി ഉൾപ്പടെയുള്ള ഭൗമ സൂചികാ പദവി ലഭിച്ച ഉല്പന്നങ്ങളുടെ വിപണി, വൈവിധ്യമാർന്ന കാർഷികോത്പന്നങ്ങളുമായി കർഷകരുടെ പ്രാതിനിധ്യം, ട്രൈബൽ മേഖലയിൽ നിന്നുള്ള ഉല്പന്നങ്ങൾ ഉൾപ്പെടുത്തിയുള്ള എത്നിക് ട്രേഡ് ഫെയർ, വനിതാ സംരംഭക പ്രാതിനിധ്യം, സൂക്ഷ്മ ചെറുകിട വ്യവസായ മേഖലയിൽ നിന്നുള്ള സംരംഭകരുടെ പ്രാതിനിധ്യം തുടങ്ങിയവയെല്ലാം ഇത്തവണത്തെ കേരളീയത്തിന്റെ മികച്ച മാതൃകകളായിരുന്നു.



## ബി ടു ബി മീറ്റ്

കേരളീയത്തിന്റെ ഭാഗമായി വ്യവസായ വകുപ്പ് പുത്തരിക്കണ്ടം മൈതാനത്ത് സംഘടിപ്പിച്ച ബി ടു ബി മീറ്റ് വ്യത്യസ്തമായിരുന്നു. ടൂറിസം, ഹോസ്പിറ്റാലിറ്റി, ആരോഗ്യം തുടങ്ങിയ മേഖലകളിലെ കേരളത്തിന്റെ മുന്നേറ്റം ലോകത്തിന് പരിചയപ്പെടുത്തുകയും ദേശീയ, അന്തർ ദേശീയ വിപണി സാദ്ധ്യത ഉറപ്പ് വരുത്തുകയായിരുന്നു മീറ്റിന്റെ പ്രധാന ലക്ഷ്യം. എം.എസ്.എം.ഇ. കൾക്ക് വ്യവസായ ബന്ധങ്ങൾ സ്ഥാപിക്കുക, അവസരങ്ങൾ ലഭ്യമാക്കക, വിജ്ഞാപനം പങ്ക് വയ്ക്കൽ, മികച്ച സാങ്കേതിക വിദ്യയിലേക്കും വിഭവശേഷിയിലേക്കുമുള്ള അവസരം, വിപണി സാദ്ധ്യതകൾ വിപുലീകരിക്കുക എന്നിവയും ബി ടു ബി മീറ്റിലൂടെ ലക്ഷ്യമിട്ടിരുന്നു.



സംസ്ഥാനത്തിന്റെ പുറത്ത് നിന്ന് എത്തുന്നവർക്ക് കേരളത്തിലെ ഉത്പന്നങ്ങൾ പരിചയപ്പെടാനും സംരംഭകരുമായി കൂടിക്കാഴ്ച നടത്താനും അവസരമുണ്ടായി. ഫെഡറേഷൻ ഓഫ് ഇന്ത്യൻ ചേമ്പേഴ്സ് ഓഫ് കോമേഴ്സ് ആന്റ് ഇൻഡസ്ട്രീ (എഫ്.ഐ.സി.സി.ഐ) യുടെ സഹകരണത്തോടെ സംഘടിപ്പിച്ച പരിപാടി വ്യവസായ വാണിജ്യ വകുപ്പ് മന്ത്രി പി. രാജീവാണ് ഉദ്ഘാടനം ചെയ്തത്. ബി ടു ബി യുടെ ഭാഗമായി ട്രേഡ്സ് വർക്ക്ഷോപ്പ്, ഓപ്പൺ നെറ്റ് വർക്ക് ഫോർ ഡിജിറ്റൽ കോമേഴ്സ് ശില്പശാല എം.എസ്.എം.ഇ. പ്രൊഡക്റ്റ്സ് ലോഞ്ച്, ഇൻവെസ്റ്റ് കേരള പോർട്ടൽ ലോഞ്ച് തുടങ്ങിയവയും നടന്നിരുന്നു.

കേരള ബ്രാൻഡ് ലോകശ്രദ്ധയിലെത്തിക്കുന്നതിനും കേരളത്തിലെ വ്യവസായ രംഗത്ത് വലിയ മാറ്റം ഉണ്ടാക്കുന്നതിനുമാണ് കേരളീയത്തിന്റെ ഭാഗമായി ബി ടു ബി മീറ്റ് സംഘടിപ്പിച്ചത്. രാജ്യത്തിന്റെ വിവിധ ഭാഗത്ത് നിന്നും നൂറിലധികം മൊത്തക്കച്ചവടക്കാർ കേരള ഉത്പന്നങ്ങൾ വാങ്ങാൻ താത്പര്യം പ്രകടിപ്പിക്കാനും ബി ടു ബി മീറ്റ് കാരണമായി. അടുത്ത കേരളീയത്തിലും ബി ടു ബി മീറ്റും ട്രേഡ് ഫെയറും പ്രധാന ആകർഷണമാകും.

കേരളത്തിന്റെ സാംസ്കാരിക, വ്യാവസായിക, ഉപഭോക്തൃ, ജീവിതശൈലി, വികസന മാതൃകാ സവിശേഷതകളെ ലോകത്തിന് മുന്നിൽ അവതരിപ്പിക്കുന്ന ചരിത്ര സന്ദർഭമാണ് കേരളീയം. ദുബായ് ഫെസ്റ്റിവെൽ പോലെ ഭാവിയിൽ, നവംബർ ആദ്യ ആഴ്ച ലോകമാകെ കേരളം കാണാൻ വരുന്ന വിധം കേരളീയം മാറ്റണമെന്നതാണ് ലക്ഷ്യം. അതിലേക്കുള്ള യാത്രയിൽ കേരളത്തിന്റെ ആളോഹരി വരുമാനവും ജീവിതശൈലിയും സ്വാഭാവികമായി ഉയരുക തന്നെ ചെയ്യും. വികസനം ക്രമാനുഗതമായി സമഗ്രമാകും.



©
കേരള സർക്കാർ
Government of Kerala
2023

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 12<br>Vol. XII | തിരുവനന്തപുരം, വെള്ളി<br>Thiruvananthapuram, Friday | 2023 നവംബർ 03<br>03rd November 2023<br>1199 തുലാം 17<br>17th Thulam 1199<br>1945 കാർത്തികം 12<br>12th Karthika 1945 | നമ്പർ<br>No. 3559 |

### കേരള സർക്കാർ
വ്യവസായ (ബി) വകുപ്പ്

### വിജ്ഞാപനം

സ. ഉ. (അച്ചടി) നമ്പർ 59/2023/വ്യവ.

*തിരുവനന്തപുരം, 2023 നവംബർ 1*
*1199 തുലാം 15*
*1945 കാർത്തികം 10.*

**എസ്. ആർ. ഒ. നമ്പർ 1156/2023**

2019-ലെ കേരള സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സ്ഥാപനങ്ങളും ഇതര വ്യവസായ സ്ഥാപനങ്ങളും സുഗമമാക്കൽ ആക്റ്റിന്റെ (2019-ലെ 16) 14-ാം വകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ട് 2020 ജനുവരി 6-ാം തീയതിയിലെ സ.ഉ. (അച്ചടി) നമ്പർ 2/2020/വ്യവ. എന്ന വിജ്ഞാപനപ്രകാരം പുറപ്പെടുവിച്ചതും 2020 ജനുവരി 6-ാം തീയതിയിലെ 43-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. നമ്പർ 12/2020 ആയി പ്രസിദ്ധീകരിച്ചതുമായ 2020-ലെ കേരള സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സ്ഥാപനങ്ങളും ഇതര വ്യവസായ സ്ഥാപനങ്ങളും സുഗമമാക്കൽ ചട്ടങ്ങൾ വീണ്ടും ഭേദഗതി ചെയ്യുന്നതിനുവേണ്ടി കേരള സർക്കാർ, ഇതിനാൽ, താഴെപ്പറയുന്ന ചട്ടങ്ങൾ ഉണ്ടാക്കുന്നു, അതായത്:—

### ചട്ടങ്ങൾ

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ചട്ടങ്ങൾക്ക് 2023-ലെ കേരള സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സ്ഥാപനങ്ങളും ഇതര വ്യവസായ സ്ഥാപനങ്ങളും സുഗമമാക്കൽ (ഭേദഗതി) ചട്ടങ്ങൾ എന്ന് പേര് പറയാം.

(2) ഇവ ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.



KSSIA NEWS
NOVEMBER 2023

2. ചട്ടങ്ങളുടെ ഭേദഗതി.—2020-ലെ കേരള സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സ്ഥാപനങ്ങളും ഇതര വ്യവസായ സ്ഥാപനങ്ങളും സുഗമമാക്കൽ ചട്ടങ്ങളിലെ ഫാറം II-ന് അനുബന്ധമായുള്ള (2)-ലെ നിബന്ധനകളിൽ നിലവിലുള്ള (ഡി), (ഇ) ഇനങ്ങൾ യഥാക്രമം (ഇ), (എഫ്) എന്നീ ഇനങ്ങളായി പുനരക്ഷരം ചെയ്യേണ്ടതും അപ്രകാരം പുനരക്ഷരം ചെയ്യപ്പെട്ട (ഇ) ഇനത്തിന് മുമ്പായി താഴെപ്പറയുന്ന ഇനം ചേർക്കേണ്ടതുമാണ്, അതായത്:—

"(ഡി) കൈപ്പറ്റ് സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ നിർമ്മിക്കപ്പെട്ടിട്ടുള്ള കെട്ടിടങ്ങളുടെ സംഗതിയിൽ, അപ്രകാരമുള്ള കൈപ്പറ്റ് സാക്ഷ്യപത്രത്തിൽ രേഖപ്പെടുത്തിയിട്ടുള്ള നമ്പർ അതിൽ വ്യക്തമാക്കിയിട്ടുള്ള കാലയളവിലേക്ക് മാത്രം കെട്ടിടത്തിന് നൽകപ്പെട്ട താത്ക്കാലിക നമ്പരായി കരുതപ്പെടുന്നതാണ്."

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

സുമൻ ബില്ല, ഐ.എ.എസ്.,
*ഗവൺമെന്റ് പ്രിൻസിപ്പൽ സെക്രട്ടറി.*

### വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ, അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

2020-ലെ കേരള സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സ്ഥാപനങ്ങളും ഇതര വ്യവസായ സ്ഥാപനങ്ങളും സുഗമമാക്കൽ ചട്ടങ്ങൾ, 2020 ജനുവരി 6-ാം തീയതിയിലെ സ.ഉ. (അച്ചടി) നമ്പർ 2/2020/വ്യവ. വിജ്ഞാപനത്തിൻകീഴിൽ കേരള സർക്കാർ പുറപ്പെടുവിക്കുകയും 2020 ജനുവരി 6-ാം തീയതിയിലെ 43-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. നമ്പർ 12/2020 നമ്പർ ആയി പ്രസിദ്ധീകരിക്കുകയും ചെയ്തു. കേരള സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സ്ഥാപനങ്ങളും ഇതര വ്യവസായ സ്ഥാപനങ്ങളും സുഗമമാക്കൽ ആക്റ്റിലെ 5-ാം വകുപ്പ്

(3)-ാം ഉപവകുപ്പ് പ്രകാരമുള്ള കൈപ്പറ്റ് സാക്ഷ്യപത്രത്തിന്റെ മാതൃക പ്രസ്തുത ചട്ടങ്ങളിലെ ഫാറം II-ൽ നൽകിയിരിക്കുന്നു.

ഈസ് ഓഫ് ഡൂയിംഗ് ബിസിനസിന്റെ ഭാഗമായി വ്യവസായങ്ങളുമായി ബന്ധപ്പെട്ട നിയമങ്ങളും ചട്ടങ്ങളും പരിശോധിക്കുന്നതിന് കേരള സർക്കാർ രൂപീകരിച്ച കമ്മിറ്റി കൈപ്പറ്റ് സാക്ഷ്യപത്രത്തിന് സാധുതയുണ്ടായിരിക്കുന്ന കാലയളവിൽ പുതുതായി കെട്ടിടം നിർമ്മിക്കുന്ന സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സ്ഥാപനങ്ങൾക്ക് ഒരു താത്ക്കാലിക കെട്ടിട നമ്പർ നൽകുവാൻ ശുപാർശ ചെയ്തിരുന്നു. അതനുസരിച്ച് കൈപ്പറ്റ് സാക്ഷ്യപത്രത്തിൽ രേഖപ്പെടുത്തിയിട്ടുള്ള നമ്പർ അതിൽ വ്യക്തമാക്കിയിട്ടുള്ള കാലയളവിലേക്ക് മാത്രം കെട്ടിടത്തിന്റെ താൽക്കാലിക നമ്പരായി നൽകുന്നതിലേക്ക് പ്രസ്തുത ചട്ടങ്ങൾ ഭേദഗതി ചെയ്യുവാൻ കേരള സർക്കാർ തീരുമാനിച്ചു.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2023



എഴുപതാമത് അഖിലേന്ത്യാ സഹകരണ വാരാഘോഷത്തിന്റെ ഭാഗമായി കെ.എസ്.എസ്.ഐ.എ. സംസ്ഥാന പ്രസിഡന്റും, കൊല്ലം ജില്ല ചെറുകിട വ്യവസായ സഹകരണ സംഘത്തിന്റെ പ്രസിഡന്റുമായ എ. നിസാറുദ്ദീൻ കെ.എസ്.എസ്.ഐ.എ. കൊല്ലം സഹകരണ സംഘത്തിന്റെ ഓഫീസിനു മുന്നിൽ പതാക ഉയർത്തുന്നു.

## നമ്മുടെ വ്യവസായം



കെ.എസ്.എസ്.ഐ.എ. അംഗങ്ങളായ വ്യവസായികളെയും അവരുടെ വ്യവസായത്തേയും പരിചയപ്പെടുത്തുന്ന തുടർ പംക്തി ആരംഭിച്ചു. താല്പര്യമുള്ളവർ ഓഫീസുമായി ബന്ധപ്പെടുക.

എസ്. സലിം
ചീഫ് എഡിറ്റർ



മലയാള മനോരമ സംഘടിപ്പിച്ച മെഷിനറി ആന്റ് ട്രേഡ് എക്സ്പോയിൽ കെ.എസ്.എസ്.ഐ.എ. സംസ്ഥാന ജനറൽ സെക്രട്ടറി പി.ജെ. ജോസ് ആശംസാ പ്രസംഗം നടത്തുന്നു.


# അനുമതി ഇല്ലാതെ പ്രവർത്തിക്കുന്ന തടിമില്ലുകൾക്ക് ലൈസൻസ് എടുക്കുന്നതിന് 6 മാസം സമയം അനുവദിച്ചു

സംസ്ഥാനത്ത് അനുമതി ലഭിക്കാതെ നടത്തുന്ന തടിമില്ലുകൾക്ക് നിയമ സാധുത നല്കുന്നതിന് ലൈസൻസൻസ് നല്കാൻ സർക്കാർ തീരുമാനം. 2022 ഒക്ടോബർ 2ന് മുമ്പ് തടിമിൽ നടത്തിയിരുന്നവരും ലൈസൻസിന് അപേക്ഷിക്കാൻ സാധിക്കാത്തതുമായ തടിമിൽ ഉടമയ്ക്ക് ലൈസൻസിന് അപേക്ഷിക്കാമെന്ന് വനം വകുപ്പ് മന്ത്രി അറിയിച്ചു. ഇതിനനുസരിച്ച് മര അധിഷ്ഠിത ചട്ടങ്ങളിൽ സർക്കാർ ഭേദഗതി വരുത്തിയതായും മന്ത്രി അറിയിച്ചു. 2023 നവംബർ 4 മുതൽ ഈ ചട്ടങ്ങൾ നിലവിൽ വരും. ഈ തിയതി മുതൽ 6 മാസത്തിനുള്ളിൽ ലൈസൻസിനുള്ള അപേക്ഷകൾ ബന്ധപ്പെട്ട തടിമിൽ ഉടമകൾക്ക് സമർപ്പിക്കണം. കെ.എസ്.എസ്.ഐ.എ. യുടെ വളരെ കാലത്തെ ആവശ്യം അംഗീകരിച്ച് ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന തടിമില്ലുകൾ നിയമ വിധേയമാക്കാനുള്ള നടപടി സ്വീകരിച്ചതിന് കെ.എസ്.എസ്.ഐ. സംസ്ഥാന സർക്കാരിനെയും വനം വകുപ്പ് മന്ത്രിയേയും അഭിനന്ദിക്കുന്നു.












KSSIA NEWS
Journal of The Kerala State Small Industries Association
Registered: Postal Regn. No. KL/EKM/767/2023-25
Price ₹ 5.00




Printed and Published by **K.P. Ramachandran Nair** on behalf of The Kerala State Small Industries Association (KSSIA), X/26 A, HMT Industrial Estate, HMT Colony P.O., Kalamassery - 683 503, Phone: 94963 60300, Email: kssiastate@gmail.com, and Printed at Rajsree Industrial Printer, Edayar, Muppathadam, Ernakulam. Ph: 98957 03837 on behalf of Niseema Printers, Kalamassery and published at HMT Industrial Estate, Kalamassery, Ernakulam District. Editor: S. Salim.